2009, ഖുത്വ്ബ നമ്പർ- 25

18.06.2010
ബയ്ത്തുൽ ഫുതൂഹ്,
ലണ്ടൻ

# ലാഹോർ ശുഹദാക്കളുടെ ത്യാഗോജ്ജ്വലമായ ജീവിതമാതൃകകൾ-2

ലാഹോറിലെ ശുഹദാക്കളെക്കുറിച്ചു തന്നെയാണ് ഞാനിന്നും തുടർന്നു പറയുന്നത്. അബ്ദുറശീദ് മലിക് സാഹിബ് ശഹീദ്, ഇദ്ദേഹം അബ്ദുൽ ഹമീദ് മലിക് സാഹിബിന്റെ മകനാണ്. ലാലാമൂസാ സ്വദേശിയാണ്. ഇദ്ദേഹത്തിന്റെ പിതാമഹൻ മൗലവി മെഹർദീൻ സാഹിബ്(റ) മസീഹ് മൗഊദി(അ)ന്റെ 313 സഹാബാക്കളിൽ ഒരാളായിരുന്നു. ശഹീദിന് 64 വയസ്സ് പ്രായമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. മജ്ലിസ് അൻസാറുല്ലായുടെ ഊർജ്ജ്വസ്വലനായ പ്രവർത്തകനും വസിയ്യത്ത്, തഅ്ലീമുൽ ഖുർആൻ എന്നീ വകുപ്പുകളുടെ സെക്രട്ടറിയുമായിരുന്നു. ദാറുദ്ദിക്ർ പള്ളിയിൽ വെച്ചാണ് ഇദ്ദേഹം ശഹീദാക്കപ്പെട്ടത്. പൊതുവെ കറക്ഹൗസിലാണ് ജുമുഅ നമസ്ക്കരിച്ചിരുന്നത്. കുറെ വർഷങ്ങൾക്ക് ശേഷമാണ് ദാറുദ്ദിക്റിൽ ജുമുഅക്കായി എത്തിയത്. അല്ലാഹു അദ്ദേഹത്തിന് ശഹാദത്ത് പദവി നൽകണമായിരുന്നു. ജുമുഅക്ക് പോകുന്നതിന് മുമ്പായി ഭാര്യയോട് പറഞ്ഞു. ചിലപ്പോഴെങ്കിലും വലിയ പള്ളിയിൽ പോയി നമസ്കരിക്കണം എന്ന് മുസ്‌ലിഹ് മൗഊദ് (റ) പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇന്ന് ഞാൻ ദാറുദ്ദിക്റിലേക്ക് പോകുകയാണ്. മെയിൻ ഹാളിൽ കസേരയിലാണ് ഇരുന്നത്. എന്റെ കാലിൽ വെടിയേറ്റിരിക്കുന്നുവെന്ന് വീട്ടിലേക്ക് ഫോൺ വിളിച്ച് അറിയിച്ചു. ഭാര്യ പറയുന്നു. അദ്ദേഹം ഫോണിൽ സംസാരിക്കുമ്പോഴും തോക്കിൽ നിന്ന് നിറയൊഴിക്കുന്ന ശബ്ദം കേൾക്കാമായിരുന്നു. സ്വന്തം ഫോണുണ്ടായിരുന്നില്ല. മറ്റൊരാളുടെ ഫോണിൽ നിന്നാണ് സംസാരിച്ചിരുന്നത്. പിന്നീട് ഫോൺ ബന്ധം വിച്ഛേദിക്കപ്പെടുകയായിരുന്നു. ഭാര്യ പറയുന്നു, അദ്ദേഹത്തിന്റെ ശഹാദത്തിൽ ക്ഷമയോടും സ്ഥൈര്യത്തോടും കൂടി ദൈവഹിതത്തിൽ സംതൃപ്തയാണ്. അല്ലാഹു മുഴുവൻ ജമാഅത്തംഗങ്ങളുടേയും സഹായിയും സംരക്ഷകനുമാവട്ടെ. ആമീൻ. വളരെയധികം പുരോഗതി പ്രയോജനം ചെയ്യട്ടെ. ഇവർ ലജ്നയുടെ സജീവ പ്രവർത്തകയാണ്. പറയുന്നു, പിതാവെന്ന നിലയിൽ അദ്ദേഹം വളരെയധികം സഹതാപമുള്ളയാളുമായിരുന്നു. 3 പെൺകുട്ടികളാണ് ഉള്ളത്. ആൺകുട്ടികൾ ഇല്ല എന്നതിൽ ഒരിക്കൽ പോലും പരാതിയുണ്ടായിട്ടില്ല. പെൺമക്കളുടെ കാര്യത്തിൽ വളരെയധികം ശ്രദ്ധിച്ചുപോന്നു. ആത്മീയവും ഭൗതികവുമായ വിദ്യാഭ്യാസകാര്യങ്ങളിൽ മക്കളെ വളരെ മുന്നിലെത്തിക്കുകയും അവരെ എല്ലാവരെയും തുല്ല്യമായി സ്നേഹിക്കുകയും ചെയ്തു. വേലക്കാരിയായ ഒരു പെൺകുട്ടി വീട്ടിലുണ്ടായിരുന്നു. അവൾക്ക് നിരന്തരം തബ്‌ലീഗ് ചെയ്യുകയും പിന്നീട് ആ കുട്ടി ബൈഅത്ത് ചെയ്യുകയും പിന്നീട് പരിപാലിക്കുകയും വിവാഹത്തിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തുകൊടുക്കുകയും ചെയ്തു. വളരെയധികം ദുആ ചെയ്യുന്നയാളും ശുദ്ധഹൃദയനും മുത്തഖിയും എല്ലാവരുമായും നല്ല സമീപനം കാണിക്കുന്നയാളും അനുസരണശീലനുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ആമീൻ

മുഹമ്മദ് റശീദ് ഹാശ്മി സാഹിബ് ശഹീദ്, ഇദ്ദേഹം മുനീർഷാ ഹാശ്മി സാഹിബിന്റെ മകനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബി കറംഷാ ഹാശ്മി സാഹിബ്(റ)ന്റെ പൗത്രനുമായിരുന്നു. പിതാവ് മുനീർഷാ ഹാശ്മി അബോട്ടാബാദ് ജില്ല ജഹ്‌ലമിൽ പോസ്റ്റ്മാസ്റ്ററായിരുന്നു. 1974 ലെ പ്രശ്നസങ്കീർണ്ണമായ ഘട്ടത്തിൽ എതിരാളികൾ അദ്ദേഹത്തിന്റെ വീട് അഗ്നിക്കിരയാക്കുകയുണ്ടായി. ശഹീദ് മർഹൂം റേഡിയോ പാക്കിസ്ഥാൻ പിഷാവർ സ്റ്റുഡിയോയിലാണ് ജോലി ചെയ്തു വന്നത്. വാർത്ത വായിക്കുകയും പത്രങ്ങളിൽ കോളം എഴുതുകയും ചെയ്യുമായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 78 വയസ്സായിരുന്നു. മജ്ലിസ് അൻസാറുല്ലായുടെ സജീവ പ്രവർത്തകനും 16 വർഷത്തോളം സദർ ഹൽഖയായും സേവനമനുഷ്ഠിച്ചു. മൂസിയായിരുന്നു. ഇദ്ദേഹവും ദാറുദ്ദിക്റിൽ വെച്ചാണ് ശഹീദാക്കപ്പെട്ടത്. മൂന്ന് വെടിയുണ്ടകളാണ് ശരീരത്തിൽ തറച്ചത്. വളരെയധികം സ്നേഹിക്കുന്നയാളും ജമാഅത്തിന്റെ കാര്യങ്ങളിൽ അതീവ തൽപരനും ദീനീസേവനത്തിന് വളരെയധികം താൽപര്യം കാണിക്കുകയും വീട്ടുകാരെ അതിന്നായി ഉപദേശിക്കുകയും ചെയ്യുമായിരുന്നു. ശിമാലീ ഛാവ്നിയിലെ സദറിനെ ജുമുഅ ദിവസം ഫോൺ വിളിച്ചുകൊണ്ട് പറഞ്ഞു. എന്നിൽ ജമാഅത്തിന്റെ ഒരു അമാനത്ത് ഉണ്ട്. അത് താങ്കൾ വാങ്ങണമെന്നറിയിച്ചു. ജുമുഅക്ക് അത് കൊണ്ടുപോകുകയും ശഹാദത്ത് സമയത്ത് ആ പണം അദ്ദേഹത്തിന്റെ കീശയിലുണ്ടായിരുന്നു. ആ നോട്ടുകളിൽ പോലും വെടിയുണ്ടയേറ്റ ദ്വാരങ്ങൾ കാണാമായിരുന്നു. എല്ലാ പ്രവൃത്തികളും കൃത്യനിഷ്ഠയോടുകൂടിയാണ് ചെയ്തു വന്നത്. ലാഹോറിൽ തന്നെ നമസ്കാരത്തിന്നായി മറ്റൊരു സെന്റർ തുറക്കാൻ ആഗ്രഹിച്ചിരുന്നു. കുറെയായി അനുവാദം ലഭിക്കുന്നില്ലായിരുന്നു. എന്നാൽ ശഹാദത്തിന് മുമ്പത്തെ രാത്രിയിൽ ഡിസൈൻ അധികൃതർക്ക് നൽകുകയും അനുമതി വാങ്ങുകയും ചെയ്തു. അനഹ്മദികളും അദ്ദേഹത്തെ വളരെയധികം ബഹുമാനിച്ചുപോന്നു. ദുഃഖാചരണത്തിൽ പങ്കെടുക്കാൻ പ്രദേശത്തുള്ള എല്ലാവരും അദ്ദേഹത്തിന്റെ വീട്ടിലെത്തി. വളരെയധികം ധൈര്യശാലിയായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ജമാഅത്ത് പ്രവർത്തനങ്ങളിൽ തന്റെ മേഖലയെ വളരെ മുന്നിലെത്തിച്ചു. അദ്ദേഹത്തെപ്പറ്റി അത്താഉൽ ഖാദിർ താഹിർ സാഹിബെഴുതിയ ലറ്റർ എനിക്ക് കിട്ടി. അദ്ദേഹം എഴുതുന്നു. വളരെയധികം അതിഥി സൽക്കാരപ്രിയനും എല്ലാവരോടും വളരെ നല്ല രീതിയിൽ പെരുമാറുന്നയാളുമായിരുന്നു. ഖുർആൻ പാരായണവും പദ്യവുമൊക്കെ ആലപിക്കുമായിരുന്നു. വളരെയധികം വിനയാന്വിതനായിരുന്നു. ബലഹീനത കൊണ്ട് നടക്കാനും മറ്റും വളരെയധികം പ്രയാസമായിരുന്നെങ്കിലും പ്രസിഡന്റ് സ്ഥാനം നിരസിക്കുന്നതിനു പകരം ആ സ്ഥാനത്ത് നിന്നുകൊണ്ട് ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ എപ്പോഴും കർമ്മനിരതനായിരുന്നു. ഖിലാഫത്തിനോട് വളരെ നല്ല അടുപ്പമായിരുന്നു. എല്ലാ പ്രവർത്തനങ്ങളിലും സജീവസാന്നിദ്ധ്യമായിരുന്നു.

മുസഫർ അഹ്മദ് സാഹിബ് ശഹീദ്, ഇദ്ദേഹം മൗലാനാ ഇബ്റാഹീം സാഹിബ് ഖാദിയാനി ദർവേശ് മർഹൂമിന്റെ മകനായിരുന്നു. ഭാര്യാപിതാവ് ഇൽമ്ദ്ദീൻ സാഹിബ് മസീഹ് മൗഊദ് (അ)ന്റെ സഹാബാക്കളിൽ ഒരാളായിരുന്നു. ഖാദിയാനിലെ മുൻകാല ഇസ്‌ലാഹോ ഇർശാദ്, ഇശാഅത്ത് സെക്രട്ടറിയായിരുന്ന ശഹീദ് മർഹൂമിന്റെ പിതാവിന് മുസ്‌ലിഹ് മൗഊദ് (റ)ന്റെ മക്കളുടെ ഉസ്താദായി സേവനം ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു. ശഹീദ് മർഹൂം തന്റെ ഹൽഖയിലെ ഇമാമുസ്സ്വലാത്തായിരുന്നു. ദീർഘകാലത്തോളം ധറം പുരയിലെ മാൽസെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 73 വയസ്സായിരുന്നു. ദാറുദ്ദിക്റിൽ വെച്ചാണ് ശഹീദാക്കപ്പെട്ടത്. ദാറുദ്ദിക്റിൽ കൃത്യമായി നമസ്കരിക്കാൻ വരാറുണ്ടായിരുന്നു. 12 മണിക്ക് ജുമുഅ നമസ്കാരത്തിന്നായി വീട്ടിൽ നിന്നിറങ്ങി. മകൻ ബൈത്തുന്നൂർ മോഡൽ ടൗണിലെ പള്ളിയിലേക്കാണ് ജുമുഅക്ക് പോയത്. മുസഫർ സാഹിബ് ശഹീദായ വിവരം 6 മണിക്കാണ് ലഭിച്ചത്. ശരീരത്തിൽ 5 വെടിയുണ്ടകളുണ്ടായിരുന്നു. മുറിവേറ്റ് കിടന്ന അദ്ദേഹത്തെ ശുശ്രൂഷിച്ച ചിലർ പറഞ്ഞത് അദ്ദേഹം സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു എന്നാണ്. മറ്റുള്ളവരോടും സ്വലാത്ത് ചൊല്ലാനും ഇസ്തിഗ്ഫാർ ചെയ്യാനും ഉപദേശിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പത്നി പറയുന്നു. അദ്ദേഹം ചെറുപ്പം മുതലേ തഹജ്ജുദ് നമസ്കരിക്കുന്നയാളായിരുന്നു. തഹജ്ജുദ് ഒരിക്കലും ഉപേക്ഷിക്കാറുണ്ടായിരുന്നില്ല. മക്കളോടും അതിന്നായി ഉപദേശിച്ചുപോന്നു. ഉച്ചത്തിൽ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. അഞ്ച് നേരം നമസ്കാരങ്ങൾക്ക് ശേഷവും ഖുർആൻ ഓതുമായിരുന്നു. ചെറിയ ഇടവേളകളിൽ നോമ്പെടുക്കുമായിരുന്നു. എല്ലാവരോടും തന്റെ നല്ല പര്യവസാനത്തിന് വേണ്ടി ദുആ ചെയ്യാനായി പറയുമായിരുന്നു. തന്റെ എല്ലാ ഉത്തരവാദിത്തങ്ങളും കൃത്യമായി ചെയ്യുമായിരുന്നു. ഒരിക്കലും കളവ് പറയുമായിരുന്നില്ല. കളവ് പറയുന്നത് വളരെ അസഹ്യമായാണ് കരുതിയത്. മറ്റുള്ളവരോട് ദുആക്കായി പറഞ്ഞുവന്ന ആ നല്ല പര്യവസാനം അസൂയാവഹമായ നിലയിൽ പൂർത്തീകരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ സഹോദരി ഖാദിയാനിൽ നാസിർ സാഹിബ് ആലായുടെ ഭാര്യയാണ്. അവർ പറയുന്നു. തന്റെ ഭർത്താവിനോട് സുഹൃത്തിനെപ്പോലെയാണ് പെരുമാറിയിരുന്നത്. സഹോദരിമാരോടും വളരെ നല്ല സമീപനമായിരുന്നു. വിവാഹിതയായി റബ്വയിൽ കഴിയുന്ന മൂത്ത മകൾ പറയുന്നു. ഞാൻ രണ്ട് പ്രാവശ്യം വീട്ടിൽ പോയപ്പോഴും എം.ടി.എയിൽ ഖിലാഫത്ത് ജൂബിലിയുടെ സത്യവാചകം ചൊല്ലുന്നുണ്ടായിരുന്നു. ഉപ്പയോട് പ്രത്യേകം കൽപ്പിക്കപ്പെട്ടതുപോലെ ഉപ്പയും എഴുന്നേറ്റ് ഉച്ചത്തിൽ ഏറ്റുപറയുന്നതാണ് ഞാൻ കണ്ടത്. 1980ൽ ഹജ്ജ് ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു.

മിയാൻ മുബശ്ശിർ അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം മിയാൻ ബർക്കത്തലി സാഹിബിന്റെ മകനാണ്. ബർക്കത്തലി സാഹിബ് 1928ലാണ് ബൈഅത്ത് ചെയ്തത്. പിന്നീട് തഹ്‌രീക്കെ ജദീദിന്റെ 5000 മുജാഹിദീൻമാരിൽ ഒരാളായി. പിതാമഹൻ നൂറുദ്ദീൻ സാഹിബ് മസീഹ് മൗഊദ് (അ)ന്റെ സഹാബിയും കുടുംബാംഗവുമായിരുന്നു. ഖാരിയാൻ ജില്ല ഗുജറാത്ത് നിവാസിയായിരുന്നു. പിന്നീട് 2008ലാണ് ലാഹോറിലേക്ക് താമസം മാറ്റിയത്. മുമ്പ് വസീറാബാദിലാണ് താമസിച്ചിരുന്നത്. കൊക്കക്കോള കമ്പനിയിൽ വിതരണവുമായി ബന്ധപ്പെട്ട് ബിസിനസ് ചെയ്തു വരികയായിരുന്നു. 1974ൽ ഈ ബിസ്നസ് അവസാനിക്കുകയും, സാധനസാമഗ്രികൾ കൊള്ളയടിക്കപ്പെടുകയും, പല പ്രശ്നങ്ങളും നേരിടേണ്ടി വരികയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് ഒരു ലറ്റർ റബ്വയിൽ കേന്ദ്രഓഫീസിൽ നൽകി തിരിച്ച് വസീറാബാദിലേക്ക് പോകുമ്പോൾ ചിലർ ചേർന്ന് വണ്ടി തടയുകയും, ഇയാൾ മിർസായിയാണെന്നും ഇയാളെ അടിക്കുക എന്ന് പറഞ്ഞ് വണ്ടിയിൽ നിന്ന് ഇറക്കാൻ ശ്രമിച്ചെങ്കിലും ഡ്രൈവർ യഥോചിതം പ്രവർത്തിച്ചത് കൊണ്ട് ഒന്നും സംഭവിക്കാതെ അവിടെ നിന്ന് രക്ഷപ്പെട്ടു. പിന്നീട് ഗുജ്‌റൻവാലയിലും ഒരു സംഘം അക്രമിച്ചെങ്കിലും രക്ഷപ്പെട്ട് അർദ്ധരാത്രി വീട്ടിൽ തിരിച്ചെത്തി. വളരെ ഭയാനകമായ ഒരവസ്ഥയാണ് അന്ന് നിലനിന്നിരുന്നത്. കേന്ദ്രഓഫീസുമായി ബന്ധപ്പെടാനായി വരുന്നവർക്ക് വലിയ ത്യാഗം ചെയ്യേണ്ടതായി വന്നിരുന്നു. അദ്ദേഹവും എപ്പോഴും ത്യാഗത്തിന് സന്നദ്ധനായിരുന്നു. 1998ൽ വീണ്ടും അദ്ദേഹം കൊക്കക്കോളയുടെ വിതരണം ഏറ്റെടുത്തു. വിതരണത്തിനിടയിൽ പലരും അദ്ദേഹത്തോട് പറഞ്ഞിരുന്നത് താങ്കൾ നിറക്കുന്ന ബോട്ടിലുകൾ ഡ്യൂപ്ലിക്കേറ്റല്ല എന്ന് ഞങ്ങൾക്ക് തികച്ചും ബോധ്യമാണ്. താങ്കളുടെ വിശ്വസ്തത വളരെ പ്രസിദ്ധമാണെന്ന് പറയുമായിരുന്നു. ഒറിജിനൽ മാത്രമേ അദ്ദേഹം വിതരണം ചെയ്യുമായിരുന്നുള്ളൂ. പാക്കിസ്ഥാനിലാണെങ്കിൽ എല്ലാ വസ്തുക്കളുടേയും ഡ്യൂപ്ലിക്കേറ്റ് കമ്പനികൾ കാണാം. എല്ലാറ്റിലും കാണാവുന്നതാണ്. താങ്കളുടെ വിശ്വസ്തത വളരെ പ്രസിദ്ധമായതുകൊണ്ട് ഓരോ പേക്കിലും രണ്ട് ഡ്യൂപ്ലിക്കേറ്റ് ബോട്ടിലുകൾ വെച്ചാൽ നല്ല ലാഭമുണ്ടാക്കാൻ സാധിക്കുകയും കോടിപതിയാകാമെന്നും പല അനഹ്മദികളും പറയുമ്പോഴും ഒരിക്കലും ആ വാക്കുകൾ അനുസരിക്കുമായിരുന്നില്ല. അതിനെക്കുറിച്ച് ചിന്തിച്ചതുപോലുമില്ല. ഇത്തരം അഭിപ്രായങ്ങളുമായി വരുന്നവരെ സൽക്കരിക്കുമായിരുന്നെങ്കിലും ഭയമന്യേ നിങ്ങൾ അതിന് അനുയോജ്യമായ സ്ഥലത്തല്ല വന്നിരിക്കുന്നതെന്ന് പറയുമായിരുന്നു. 6 വർഷം വസീറാബാദ് താലൂക്കിലെ അമീറായി സേവനമനുഷ്ഠിച്ചു. മകൻ ഖമർ അഹ്മദ് സാഹിബ് ജമാഅത്തിന്റെ മുബല്ലിഗാണ്. ഇപ്പോൾ ബെനിനിൽ സേവനമനുഷ്ഠിച്ചുവരുന്നു. ശഹാദത്ത് സമയത്ത് 65 വയസ്സായിരുന്നു. വസിയ്യത്ത് ചെയ്തിരുന്നു. ദാറുദ്ദിക്റിൽ വെച്ചാണ് ശഹീദാക്കപ്പെട്ടത്. ആക്രമണം നടന്നപ്പോൾ താനിരുന്ന സ്ഥലത്ത് കിടക്കുകയായിരുന്നു. ആക്രമണത്തിന് ശേഷം മിഹ്റാബിന് സമീപത്ത് ഗ്രനേഡ് പൊട്ടിയാണ് മുറിവേറ്റത്. കഴുത്തിന്റെ പിൻഭാഗത്ത് വലിയ ക്ഷതമേൽക്കുകയും രക്തം വാർന്നൊഴുകുകയും ചെയ്തു. സഹോദരി പുത്രനെ ഫോണിൽ വിളിച്ചുകൊണ്ട് തനിക്ക് വലിയ ക്ഷതമേറ്റിരിക്കുന്നുവെന്നും 5 വെടിയുണ്ടകൾ ശരീരത്തിൽ തറച്ചിരിക്കുന്നുവെന്നും പറഞ്ഞു. വളരെയധികം മൃദുലഹൃദയനും ദരിദ്രരെ സേവിക്കുന്നയാളും അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നയാളുമായിരുന്നു. എല്ലാവരോടും സഹതാപത്തോടും സ്നേഹത്തോടും കൂടിയാണ് സമീപിച്ചുപോന്നത്. ദുആ ചെയ്യുന്നയാളായിരുന്നു. ആരുടെയെങ്കിലും വിഷമത്തെക്കുറിച്ചറിഞ്ഞാൽ ഉടനെ അവർക്ക് വേണ്ടി ദുആ ചെയ്യുമായിരുന്നു. ഭാര്യ പറയുന്നു, ഞങ്ങളുടെ വൈവാഹിക ബന്ധം 39 വർഷത്തോളം നിലനിന്നു. ഒരിക്കലും ദേഷ്യപ്പെട്ട് എന്നോട് സംസാരിച്ചിട്ടില്ല. കുട്ടികളോടും കയർത്തു

സംസാരിക്കുമായിരുന്നില്ല. ഞാനെന്തെങ്കിലും ആവശ്യം പറഞ്ഞാൽ തന്നെ ദുആ ചെയ്യാനായി പറയുമായിരുന്നു. താനും ദുആ ചെയ്യുന്നു എന്ന് പറയും. മക്കളെ വളരെയധികം സ്നേഹിച്ചിരുന്നു. വീട്ടിൽ യാതൊരു വിധത്തിലുള്ള പരദൂഷണങ്ങളും ഇഷ്ടപ്പെട്ടിരുന്നില്ല. ആരെങ്കിലും പറയാൻ തുടങ്ങുകയാണെങ്കിൽ തന്നെ ഉടനെ അത് തടയുമായിരുന്നു. ഗുജറൻവാലയിൽ വാടകക്കാണ് താമസിച്ചുവന്നത്. അദ്ദേഹം താമസിച്ചു വന്ന വീടിന്റെ അനഹ്മദിയായ ഉടമസ്ഥ അദ്ദേഹത്തെപ്പറ്റി പറഞ്ഞതിപ്രകാരമാണ്. മിയാൻ മുബശ്ശിർ സാഹിബിനെ പോലുള്ള വാടകക്കാരെ ലഭിച്ചത് തന്റെ സൗഭാഗ്യമായി കരുതുന്നു. എന്റെ മക്കളും അദ്ദേഹത്തെപ്പോലെയുള്ളവരാകാനായി ഞാൻ ദുആ ചെയ്യുന്നു. എന്റെ മക്കൾക്ക് അദ്ദേഹത്തിൽ നിന്ന് ശിക്ഷണം ലഭിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കീഴിൽ ജോലി ചെയ്തുവന്ന ജോലിക്കാരുടെ കാര്യങ്ങളിൽ, ഭക്ഷണസമയങ്ങളിൽ കൃത്യമായി ശ്രദ്ധിക്കുമായിരുന്നു. അവർക്ക് തബ്‌ലീഗും ചെയ്യുമായിരുന്നു. എപ്പോഴും പറയുമായിരുന്ന വാചകം ഞാൻ ഒന്നിനും കൊള്ളരുതാത്തവനാണ്, അല്ലാഹു എന്നെ 33% മാർക്ക് നൽകിയെങ്കിലും വിജയിപ്പിച്ചാൽ മതിയായിരുന്നു. എന്നാൽ അല്ലാഹു അദ്ദേഹത്തിന് 100% മാർക്ക് നൽകി ശഹാദത്തിന്റെ പദവി നൽകിയിരിക്കുന്നു.

ഫിദാ ഹുസൈൻ സാഹിബ് ശഹീദ്. ഇദ്ദേഹം ബഹാദൂർ ഖാൻ സാഹിബിന്റെ മകനാണ്. അദ്ദേഹം ഗുജറാത്തിലെ ഖാരിയാൻ സ്വദേശിയായിരുന്നു. അദ്ദേഹത്തിന് 6 വയസ്സായപ്പോൾ മാതാപിതാക്കൾ ഓരോ മാസത്തിനിടയിൽ വഫാത്തായി. ഇതിന് മുമ്പ് പറഞ്ഞ മുബശ്ശിർ സാഹിബിന്റെ ബന്ധുവാണിദ്ദേഹം. മാതാപിതാക്കൾ ചെറുപ്രായത്തിൽ തന്നെ വഫാത്തായതോടെ മുബശ്ശിർ അഹ്മദ് സാഹിബ് ശഹീദിന്റെ സംരക്ഷണത്തിലാണ് വളർന്ന് വന്നത്. അവിവാഹിതനായിരുന്നു. 69 വയസ്സായിരുന്നു. ദാറുദ്ദിക്റിൽ വെച്ചാണ് ശഹീദാക്കപ്പെട്ടത്. ജുമുഅ ദിവസം ബലഹീനത കാരണം കസേരയിലാണ് ഇരുന്നത്. തീവ്രവാദി അദ്ദേഹം ഇരുന്ന ഭാഗത്തേക്ക് തുരുതുരാ നിറയൊഴിക്കുകയായിരുന്നു. 35 വെടിയുണ്ടകളാണ് ശരീരത്തിൽ തറച്ചത്. സംഭവസ്ഥലത്ത് വെച്ച് തന്നെ ശഹീദായി. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ആമീൻ.

ഹാവർ അയ്യൂബ് സാഹിബ് ശഹീദ്. ഇദ്ദേഹം മുഹമ്മദ് അയ്യൂബ് ഖാൻ സാഹിബിന്റെ മകനാണ്. ശഹീദിന്റെ കുടുംബം ദേര ജില്ലയിലെ ഗിൽഗിത്തിലാണ് താമസിച്ചു വന്നത്. സർഗോദയിലാണ് ജനിച്ചത്. പത്താം ക്ലാസ് പഠനം പൂർത്തിയായ ശേഷം ലാഹോറിലെത്തി. 1973 മുതൽ ബജറ്റ് എക്കൗണ്ട് ഓഫീസർ തസ്തികയിൽ ജോലി ചെയ്തു പോന്നു. 1934 ൽ ബൈഅത്ത് ചെയ്തുകൊണ്ട് അഹ്മദിയ്യത്തിൽ പ്രവേശിച്ചു. ശഹീദാക്കപ്പെട്ട സമയത്ത് 50 വയസ്സായിരുന്നു. മൂസിയായിരുന്നു. സെക്രട്ടറി വഖ്ഫെനൗ, മുഹാസിബ് എന്നീ പദവികളിൽ സേവനമനുഷ്ഠിച്ച് വരികയായിരുന്നു. അൻസാറുല്ലായുടെ മുൻ സഈമായിരുന്നു. ദാറുദ്ദിക്ർ പള്ളിയിൽ വെച്ചാണ് ശഹീദാക്കപ്പെട്ടത്. കുറേകാലങ്ങളായി ദാറുദ്ദിക്റിൽ തന്നെയാണ് ജുമുഅ നമസ്കാരം അനുഷ്ഠിച്ചു പോന്നത്. സംഭവദിവസം ജോലികഴിഞ്ഞ് ജുമുഅക്കായി പോയി. മെയിൻ ഹാളിലാണ് ഇരുന്നത്. രണ്ട് വെടിയുണ്ടകളിൽ ഒന്ന് ഹൃദയഭാഗത്തും മറ്റൊന്ന് കാൽമുട്ടിലുമാണ് കൊണ്ടത്. ഏകദേശം 2.15 ന് തീവ്രവാദികൾ ആയുധങ്ങളോട് കൂടി പള്ളിയിൽ കയറിയിരിക്കുന്നു എന്ന് വീട്ടിലേക്ക് ഫോൺ വിളിച്ച് അറിയിച്ചു. ദുആ ചെയ്യാനായി പറയുകയും ചെയ്തു. പിന്നീട് ഭാര്യ ഫോൺ ബന്ധം സ്ഥാപിക്കാനായി ശ്രമിച്ചുകൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞ് ഫോണിൽ സംസാരിച്ചപ്പോൾ എല്ലാവരും ദുആ ചെയ്യുക എന്ന് പറഞ്ഞ ശേഷം ശഹീദാകുകയായിരുന്നു. ഭാര്യ പറയുന്നു. ജമാഅത്തായ നമസ്കാരത്തിൽ വളരെ കൃത്യനിഷ്ഠയുള്ളയാളായിരുന്നു. സൽപ്രകൃതക്കാരനും വളരെ നല്ല രീതിയിൽ കാര്യങ്ങൾ നടത്താൻ കഴിവുള്ള ആളുമായിരുന്നു. കുട്ടികൾക്ക് നല്ല രീതിയിൽ ശിക്ഷണം നൽകി. സമസൃഷ്ടികളോടുള്ള കടമകൾ നിർവ്വഹിക്കുന്നയാളും ഖിലാഫത്തിനെ അനുസരിക്കുന്നയാളും അതിന്നായി എല്ലാ ത്യാഗവും ചെയ്യാൻ തയ്യാറായ ആളുമായിരുന്നു. ഹാവർ അയ്യൂബ് സാഹിബിനെക്കുറിച്ച് ഇൽയാസ് ഖാൻ സാഹിബ് എഴുതുന്നു. 1980ന് ശേഷം ഹാവർ അയ്യൂബ് സാഹിബിന് വാപ്ഡയിൽ ബി.എ ക്ക് ശേഷം ജോലി കിട്ടി. ഞങ്ങളോടുള്ള സുഹൃദ്ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഡേറാ റഹ്മാൻ പൂരിലെ ഞങ്ങളുടെ വീട്ടിലെത്തി. ഞങ്ങളുടെ വീട്ടിൽ അഹ്മദീ ചുറ്റുപാടിലുള്ള ശിക്ഷണരീതിയാണ് ഉണ്ടായിരുന്നത്. ഹാവർ സാഹിബും ഞങ്ങളുടെ വീടിന്റെ ഒരു ഭാഗമായി. പക്ഷേ, അഹ്മദിയായിരുന്നില്ല. അഹ്മദിയ്യത്തിനെക്കുറിച്ച് കേട്ടതിന് ശേഷം മറ്റ് മൗലവിമാർ പറയാറുള്ള ആരോപണങ്ങൾ ഉന്നയിക്കുമായിരുന്നു. ഞങ്ങൾ അദ്ദേഹത്തോട് ചോദ്യങ്ങൾ ചോദിക്കാനായി പറയുമായിരുന്നു. ഒരിക്കൽ നമ്മുടെ മുബല്ലിഗ് ബർക്കത്തുല്ലാ സാഹിബ് മർഹൂം ചോദ്യോത്തരപരിപാടി സംഘടിപ്പിക്കുകയും, ഇദ്ദേഹം നിരവധി ചോദ്യങ്ങൾ ചോദിച്ചതിന് ശേഷം വീണ്ടും ചോദിക്കാനായി പറഞ്ഞപ്പോൾ ഇനി എനിക്കൊന്നും ചോദിക്കാനില്ല എന്ന് പറയുകയും ചെയ്തു. അങ്ങനെ കുറച്ചു ദിവസങ്ങൾക്ക് ശേഷം ബൈ അത്ത് ചെയ്തു. അപ്പോഴും ഞങ്ങൾ പറയുമായിരുന്നു. എല്ലാം ചിന്തിച്ചതിനുശേഷം മാത്രം ബൈഅത്ത് ചെയ്യുക. അതിന് അദ്ദേഹം പറഞ്ഞ മറുപടി നിങ്ങൾ ബൈഅത്ത് വാങ്ങുന്നില്ലെങ്കിൽ, എന്നിൽ നിന്ന് ബൈഅത്ത് സ്വീകരിക്കുന്നില്ലെന്ന് ഞാൻ ഹുസൂറിന് കത്തെഴുതുമെന്നായിരുന്നു. ബൈഅത്തിന് ശേഷം നന്മയിലും ആത്മീയതയിലും വളരെയധികം പുരോഗതി പ്രാപിച്ചു.

ശൈഖ് മുഹമ്മദ് യൂനുസ് അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം ശേഖ് ജലീൽ അഹ്മദ് സാഹിബിന്റെ മകനാണ്. 1947 ൽ ഇന്ത്യയിലെ അംറോഹയിൽ ജനിച്ചു. 1950 ൽ ഖാദിയാനിലും 1955 ൽ റബ്‌വയിലേക്കും വന്നു. ഇദ്ദേഹത്തിന്റെ ഉപ്പ ശേഖ് ജലീൽ അഹ്മദ് സാഹിബ് മുസ്‌ലിഹ് മൗഊദി(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിലാണ് ബൈഅത്ത് ചെയ്തത്. ഖാദിയാനിലെ ദർവേശ്മാരിൽ ഒരാളായിരുന്നു. ശഹീദ് മർഹൂം റബ്‌വയിൽ മെട്രിക് പാസ്സാവുകയും പിന്നീട് സദർ അഞ്ചുമൻ അഹ്മദിയ്യയുടെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. 2007 ലാണ് റിട്ടയർമെന്റ് വാങ്ങിയത്. പിന്നീട് ലാഹോറിലെ തന്റെ മകന്റെ അടുത്തേക്ക് പോയി. അവിടെ ഇസ്‌ലാഹോ ഇർശാദ്, ദഅ്‌വത്തെ ഇലല്ലാ പദവികളിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. 63 വയസ്സായിരുന്നു. ബൈത്തുന്നൂർ മോഡേൺ ടൗൺ പള്ളിയിൽ വെച്ചാണ് ശഹീദാക്കപ്പെട്ടത്. മൂസിയായിരുന്നു. എപ്പോഴും ജുമുഅ നമസ്കാരത്തിനായി വളരെ നേരത്തെ തന്നെ പള്ളിയിൽ എത്തുമായിരുന്നു. ബൈത്തുന്നൂറിൽ 11 മണിക്ക് തന്നെ എത്തി ഒന്നാമത്തെ സഫ്

ഫിൽ തന്നെയിരുന്നു. മകനും അതേ പള്ളിയിൽ മറ്റൊരു ഹാളിലുണ്ടായിരുന്നു. ഒന്നാമത്തെ സഫ്ഫിലുള്ള ഇദ്ദേഹത്തിനാണ് ആദ്യമായി വെടിയേറ്റത്. തലയിലും നെഞ്ചിലുമാണ് വെടിയേറ്റത്. ഗ്രനേഡ് സ്ഫോടനത്താൽ നെഞ്ചിന് ഗുരുതരമായി പരിക്കേൽക്കുകയും ശഹീദാകുകയും ചെയ്തു. ശേഖ് സാഹിബ് ഒരു സ്വപ്നത്തിൽ കണ്ടത് റബ്വയിലെ നല്ല ഒരു റോഡ് അവിടെ മനോഹരമായ പരവതാനി വിരിക്കപ്പെട്ടതായി കണ്ടു. വലിയ കസേരയിൽ ഖലീഫമാരും, ഏറ്റവും ഉയർന്ന ഒരു കസേരയിൽ മസീഹ് മൗഊദ് عليه السلامമും ഇരിക്കുന്നു. പറയുന്നു,താനും അവരോടൊപ്പം ഇരിക്കുന്നതായി കണ്ടു. ഭാര്യ പറയുന്നു, ഖിലാഫത്തിനെ അഗാധമായി സ്നേഹിക്കുന്നയാളും അഞ്ചുനേര നമസ്കാരങ്ങളിൽ കൃത്യനിഷ്ഠയുള്ളയാളുമായിരുന്നു. ഹൃദ്രോഗിയായിട്ടും കഠിനചൂടിലും തണുപ്പിലും പള്ളിയിൽ വന്ന് തന്നെ നമസ്കരിക്കുമായിരുന്നു. നന്ദിസൂചകമായി അൽഹംദുലില്ലാഹ് പറയുമ്പോഴെല്ലാം കണ്ണ് നിറയുമായിരുന്നു. അല്ലാഹുവിൽ വളരെയധികം തവക്കുൽ ചെയ്തിരുന്നു. തഹജ്ജുദ് നമസ്കരിക്കുന്നയാളും ആവശ്യക്കാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നയാളുമായിരുന്നു. കുറഞ്ഞ വരുമാനത്തിൽ മറ്റുള്ളവരെയും ശ്രദ്ധിക്കുമായിരുന്നു. ലളിതമായ ജീവിതമാണ് നയിച്ചുപോന്നത്. പല വൈജ്ഞാനിക പ്രബന്ധങ്ങളും എഴുതി സമ്മാനാർഹനായിട്ടുണ്ട്. തബ്ലീഗിൽ അതീവ തൽപരനായിരുന്നു. ഭാര്യ പറയുന്നു, ഞങ്ങൾ രണ്ടു പേരും ദാവറിനടുത്ത ഒരു ഗ്രാമത്തിൽ പല തവണകളായി ആറേഴ് വർഷങ്ങളോളം തബ്ലീഗ് ചെയ്ത്പോന്നു. എതിർപ്പ് അധികമായശേഷം തബ്ലീഗ് പരിപാടികൾ നിർത്തിവെക്കേണ്ടതായി വന്നു. ഇത് റബ്വക്കടുത്തുള്ള ഒരു ഗ്രാമമാണ്. എന്തായാലും അല്ലാഹു അതിന്റെ ഫലവും നൽകി.

മസ്ഊദ് അഹ്മദ് ഭട്ടി സാഹിബ് ശഹീദ്, ഇദ്ദേഹം അഹ്മദ് ദീൻ സാഹിബ് ഭട്ടിയുടെ മകനാണ്. ശഹീദ് മർഹൂമിന്റെ പൂർവ്വികർ കസൂർ സ്വദേശികളാണ്. ഇദ്ദേഹത്തിന്റെ ഉപ്പാപ്പ ജമാലുദ്ദീൻ സാഹിബ് 1911-12 ലാണ് ബൈഅത്ത് ചെയ്തത്. 1975 ൽ ഈ കുടുംബം ലാഹോറിലേക്ക് താമസം മാറ്റി. തന്റെ പിതാവിന്റെ കൂടെ കോൺട്രാക്ടർ ജോലിയാണ് ചെയ്തുപോന്നത്. മെട്രിക് വരെ പഠിച്ചു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഊർജ്ജ്വസ്വലനായ പ്രവർത്തകനായിരുന്നു. മറ്റ് രണ്ട് സഹോദരൻമാരും ബിസിനസ്സിൽ പങ്കാളികളായിരുന്നു. ഒരു സഹോദരൻ മുഹമ്മദ് അഹ്മദ് സാഹിബ് ലാഹോറിലെ ഹരിയാലയിൽ സദർ ജമാഅത്തായി സേവനമനുഷ്ഠിച്ചുവരുന്നു. ദാറുദ്ദിക്റിലാണ് ശഹീദായത്. 33 വയസ്സായിരുന്നു. ദാറുദ്ദിക്റിൽ ജുമുഅക്ക് വന്ന് സുന്നത്ത് നമസ്കരിക്കുകയായിരുന്നപ്പോഴാണ് വെടിയൊച്ച കേൾക്കാനിടയായത്. സലാം വീട്ടിയതിനുശേഷം തന്റെ ബനിയൻ ഊരി പരിക്കേറ്റ ഒരു കുട്ടിയുടെ മുറിവിൽ കെട്ടി. പിന്നെ അവനെ സമാശ്വസിപ്പിച്ചുകൊണ്ടിരുന്നു. ശേഷം അതിസാഹസികമായ രീതിയിൽ ഒരു തീവ്രവാദിയെ പിടിക്കുന്നതിൽ വിജയിച്ചെങ്കിലും മറ്റൊരു തീവ്രവാദി ഇദ്ദേഹത്തിന് നേരെ വെടിയുതിർത്ത് ശഹീദാക്കുകയായിരുന്നു.

ഹാജി മുഹമ്മദ് അക്റം ബേഗ് സാഹിബ് ശഹീദ്. ഇദ്ദേഹം ചൗദരി അല്ലാദത്താ ബേഗ് സാഹിബിന്റെ മകനാണ്. ശഹീദ് മർഹൂമിന്റെ പൂർവ്വികർ ഖാസിമിറാൽ ശേഖുപുര സ്വദേശികളാണ്. ഇദ്ദേഹത്തിന്റെ പൂർവ്വികർ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കാലഘട്ടത്തിൽ തന്നെ ബൈഅത്ത് ചെയ്തു. ശേഷം ഈ കുടുംബം അലീപുർ കസൂറിലേക്ക് താമസം മാറി. ഇവിടെതന്നെയാണ് ഇദ്ദേഹം ജനിച്ചത്. മെട്രിക് വരെ അദ്ദേഹം വിദ്യാഭ്യാസം കരസ്ഥമാക്കി. 1950 ൽ ഈ കുടുംബം ലാഹോറിലെത്തി. ഇദ്ദേഹം ഗവൺമെന്റ് ജോലിയിൽ പ്രവേശിക്കുകയും 1966 ൽ റിട്ടയർ ആകുകയും ചെയ്തു. തന്റെ ഹൽഖയിലെ സഈം അൻസാറുല്ലായായി ദീർഘകാലം സേവനമനുഷ്ഠിച്ചു. 74 വയസ്സായിരുന്നു. ദാറുദ്ദിക്റിൽ വെച്ചാണ് ശഹീദാക്കപ്പെട്ടത്. പള്ളിയിലെ നാലാമത്തെ സഫ്ഫിലാണ് ഇരുന്നത്. തീവ്രവാദികളുടെ വെടിയേറ്റ് ശഹീദാകുകയായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് പത്തോ എന്ന സ്ഥലത്തുള്ള വീട് ജമാഅത്തിന് നൽകുകയും അതിപ്പോൾ മുബല്ലിഗ്മാരുടെ താമസത്തിനായി ഉപയോഗിച്ചുവരുകയും ചെയ്യുന്നു. ഇദ്ദേഹത്തിന്റെ പിതാവ് പത്തോ ജമാഅത്ത് സദറായി ദീർഘകാലം പ്രവർത്തിച്ചു. ഭാര്യ പറയുന്നു, വളരെയധികം അദ്ധ്വാനശീലനും വാർദ്ധക്യം പ്രാപിച്ചിരുന്നെങ്കിലും ഭാര്യാമക്കൾക്കു വേണ്ടി സേവനം ചെയ്തുപോന്ന ആളും ശുദ്ധപ്രകൃതക്കാരനുമായിരുന്നു.

മിയാൻ ലഈഖ് അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം മിയാൻ ശഫീഖ് അഹ്മദ് സാഹിബിന്റെ മകനാണ്. ശഹീദ് മർഹൂമിന്റെ പൂർവ്വികർ അംബാല സ്വദേശികളായിരുന്നു. പിതാമഹനായ ബാബു അബ്ദുറഹ്മാൻ സാഹിബ് അംബാലയിലെ അമീറായിരുന്നു. വിഭജനത്തിന് ശേഷം ഹിജ്റത്ത് ചെയ്ത് ലാഹോറിലെത്തി. ശഹീദ് മർഹൂം അംബാലയിലാണ് ജനിച്ചത്. അടിസ്ഥാന വിദ്യാഭ്യാസം കരസ്ഥമാക്കിയത് ലാഹോറിൽ നിന്നായിരുന്നു. ശഹാദത്തിന്റെ സമയത്ത് 66 വയസ്സായിരുന്നു. സെക്രട്ടറി ഇശാഅത്ത് ഹൽഖ കനാൽ പാർക്കിൽ സേവനമനുഷ്ഠിച്ചു. ദാറുദ്ദിക്റിൽവെച്ചാണ് ശഹീദായത്. പള്ളിയിലെ മെയിൻ ഹാളിൽ രണ്ടാമത്തെ സഫ്ഫിൽ കസേരയിലിരിക്കുകയായിരുന്നു. തീവ്രവാദികളുടെ ആക്രമണത്തിൽ പരുക്കേറ്റ് ആംബുലൻസിൽ ആശുപത്രിയിലേക്ക് കൊണ്ടുപോകും വഴിയാണ് ശഹീദായത്. രക്തം വാർന്നുപോയിരുന്നു. മൂന്നു മണിക്കുറുകളോളം അവിടന്ന് അനങ്ങാൻ സാധിച്ചിരുന്നില്ല. ശഹീദ് മർഹൂം ഇലക്ട്രീഷ്യനായിരുന്നു. സൽപ്രകൃതക്കാരനും അധികം സംസാരിക്കാത്ത പ്രകൃതക്കാരനുമായിരുന്നു. ആരോടും കഠിനമായി പെരുമാറുകയോ അതിക്രമം പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല. തഹജ്ജുദ് നമസ്കരിക്കുന്നയാളായിരുന്നു. വീട്ടിൽ കുട്ടികളോട് സുഹൃത്തുക്കളെപ്പോലെ പെരുമാറിയിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

മിർസാ ശാബിൽ മുനീർ സാഹിബ് ഇദ്ദേഹം മിർസാ മുഹമ്മദ് മുനീർ സാഹിബിന്റെ മകനാണ്. ശഹീദിന്റെ പ്രപിതാമഹൻ ഹദ്റത്ത് അഹ്മദ് ദീൻ സാഹിബ് (റ) മസീഹ് മൗഊദ് عليه السلام ന്റെ സഹാബിയായിരുന്നു. പിതാവ് മുഹമ്മദ് മുനീർ സാഹിബിന് സൗണ്ട് സിസ്റ്റവുമായി ബന്ധപ്പെട്ട് ബിസിനസ്സായിരുന്നു. ശഹീദ് മർഹൂം ബി.കോം.ന് ശേഷം ബി.ബി.എ പഠിക്കുകയായിരുന്നു. 19 വയസ്സായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ സജീവപ്രവർത്തകനായിരുന്നു. എല്ലാ വാക്കുകൾക്കും ലബ്ബൈക്ക് പറയുമായിരുന്നു. ദാറുദ്ദിക്റിൽ വെച്ചാണ് ശഹീദാക്കപ്പെട്ടത്. ശഹീദ് മർഹൂം തന്റെ ഇളയ സഹോദരൻ ഷഹ്സാദ് മുനീറിന്റെ കൂടെ മെയ്ൻ ഹോളിൽ മിഹറാബിന് മുമ്പിൽ സുന്നത്ത് നമസ്കാരം കഴിഞ്ഞ് ഇരിക്കുമ്പോഴാണ് ഫയറിംഗ് തുടങ്ങിയത്. ആദ്യം മിഹ്റാബിന് നേർക്കാണ് അക്രമണമുണ്ടായത്. ഈയവസരത്തിൽ ആദ്യം പുറ

ത്തേക്ക് പോയി. പിന്നീട് വീണ്ടും ഉള്ളിലെത്തി. വാതിലിനടുത്ത് ഇരിക്കുകയും ചെയ്തു. സഹോദരനും അടുത്തെത്തി. വീട്ടുകാരോടും സുഹൃത്തുക്കളോടും ഫോണിലൂടെ സംസാരിച്ചു, ഇതിനിടയിൽ മിനാരത്തിന്റെ ഭാഗത്ത് നിന്ന് ഒരു തീവ്രവാദി അകത്തെത്തി ഫയറിംഗ് നടത്തുകയും ഒരുപാടാളുകൾ ശഹീദാക്കപ്പെടുകയും ചെയ്തു. ഇദ്ദേഹത്തിന് വെടിയേറ്റ് ഗുരുതരമായ പരുക്ക് പറ്റിയിരുന്നു. സഹോദരൻ പറയുന്നു, ഞാൻ ഒച്ചയുണ്ടാക്കി പക്ഷേ, അവൻ നിശബ്ദനായിരുന്നു. കാലിൽ നിന്ന് വല്ലാതെ ചോരയൊലിക്കുന്നുണ്ടായിരുന്നു. പറഞ്ഞു, എന്റെ കാൽ നേരെ വെക്കുക. ഞാനെന്റെ ഷർട്ടഴിച്ച് മുറിവിൽ കെട്ടാൻ ശ്രമിച്ചപ്പോഴൊക്കെ ഞാൻ കൈവെയ്ക്കുന്ന സ്ഥലങ്ങളിലെല്ലാം കാലിന്റെ മാംസഭാഗം തൂങ്ങിനിൽക്കുന്നുണ്ടായിരുന്നു. അരമണിക്കൂറോളം ഇതേയവസ്ഥയിലായിരുന്നു. കുറച്ച് സമയങ്ങൾക്കുശേഷം ശഹീദായി. സഹോദരൻ പറയുന്നു. ഞാൻ കൂടെതന്നെ ഇരിക്കുന്നുണ്ടായിരുന്നു. വളരെ ധൈര്യത്തോടെ യാതൊരുവിധ ശബ്ദവും പുറപ്പെടുവിക്കുകയോ അലറി വിളിക്കുകയോ ചെയ്തില്ല. തന്റെ സഹോദരൻ രക്ഷപ്പെട്ടിരിക്കുന്നുവെന്നതിൽ സന്തോഷവാനാണെന്നാണ് ആ കണ്ണുകളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് എഴുതുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായിലെ ഒരു ഗ്രൂപ്പിന്റെ സാഇഖ് (ലീഡർ) ആയിരുന്നു. കുറച്ച് മാസങ്ങളായി വളരെ ഉൽസാഹത്തോടെയാണ് പ്രവർത്തിച്ചിരുന്നത്. ഒരു ദിവസം രാത്രി 11:30 ന് ഞാൻ ഇദ്ദേഹത്തിന്റെ വീട്ടിലെത്തി. ഹഖീഖത്തുൽ വഹ്‌യ്ന്റെ പരീക്ഷ നടത്തുന്നതുമായി ബന്ധപ്പെട്ടാണ് ഞാൻ പോയത്. ഉടനെത്തന്നെ അദ്ദേഹം ബൈക്കിൽ എല്ലാ വീടുകളിലും പോകാൻ തയ്യാറായി. വീടുകൾ സന്ദർശിക്കുകയും വീട്ടിലെ മറ്റു വണ്ടികളും മജ്‌ലിസിന്റെ ആവശ്യങ്ങൾക്കായി നൽകുമായിരുന്നു. വളരെയധികം ശുദ്ധഹൃദയനും. ചെയ്യാനായി കൽപിക്കപ്പെടുന്ന ജോലികൾ ഒരിക്കലും നിഷേധിക്കുമായിരുന്നില്ല. അദ്ദേഹത്തിന്റെ മറ്റൊരു സുഹൃത്ത് ഇപ്രകാരമെഴുതി. ഞാൻ സ്വപ്നത്തിൽ ശാബിൽ മുനീറിനെ കാണുകയും നീ എവിടെയാണെന്ന് ഞാൻ ചോദിക്കുമ്പോൾ, പറയുന്നു, സഹോദരാ ഞാൻ ഇവിടെയുണ്ട്. ഞാൻ ഇവിടെ വളരെ സന്തോഷവാനാണ്. നീ എവിടെയാണ് നീയും ഇങ്ങോട്ട് വരിക. അങ്ങനെ ആ സ്വപ്നം അവസാനിക്കുന്നു. ശഹാദത്തിന് ശേഷമുള്ള സംഭവമാണിത്. ഈ യുവാവിന്റെ പദവികളെ അല്ലാഹു ഉയർത്തുമാറാകട്ടെ. ഈ യുവാവ് തന്റെ പിന്നിലുള്ള യുവാക്കൾക്ക് തങ്ങളുടെ പ്രതിജ്ഞകൾ പൂർത്തിയാക്കാനായി ഓർമ്മിപ്പിക്കുകയാണ്. ഞങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗം ചെയ്തിരിക്കുന്നു. നിങ്ങൾ ഒരിക്കലും അതിൽ നിന്ന് പിൻമാറരുത് എന്നതാണത്.

മലിക് മഖ്‌സൂദ് അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം എസ്.എ മഹ്മൂദ് സാഹിബിന്റെ മകനാണ്. ശഹീദ് മർഹൂമിന്റെ പിതാമഹൻ ബട്ടാല സ്വദേശിയായിരുന്നു. പിതാവ് എസ്.എ.മഹ്മൂദ് സാഹിബ് മുൻ പാക്കിസ്ഥാൻ പ്രസിഡന്റ് അയ്യൂബ് ഖാന്റെ ഉപദേഷ്ടാവായി പ്രവർത്തിച്ചിരുന്നു. ഇദ്ദേഹത്തിന്റെ മാതാമഹൻ അലീ ബഖ്ശ് സാഹിബ് മസീഹ് മൗഊദ് عليه السلام ന്റെ സഹാബിയായിരുന്നു. ഭോപ്പാൽ സ്വദേശിയായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിനെ ചെറുപ്രായത്തിൽ മസീഹ് മൗഊദ് عليه السلام സ്നേഹത്തിൽ തല തടവുകയുണ്ടായി. ശഹീദ് മർഹൂമിന്റെ മാതാമഹനും പിതാമഹനും മാതാവും സഹാബാക്കളായിരുന്നു. ഭോപ്പാലിലാണ് ജനിച്ചത്. പിന്നീട് മാതാമഹി മുഖ്താർബേഗം സാഹിബയുടെ അടുത്ത് ഖാദിയാനിൽ വളരുകയും, തഅ്ലീമുൽ ഇസ്‌ലാം കോളേജിൽ വിദ്യാഭ്യാസം കരസ്ഥമാക്കുകയും,എഫ്.എ. പരീക്ഷക്ക് മുമ്പായി ഭോപ്പാലിലേക്ക് തിരിച്ചു പോവുകയും, പിന്നീട് ലാഹോറിലേക്ക് താമസം മാറ്റുകയാണുണ്ടായത്. 80 വയസ്സായിരുന്നു.മൂസിയായിരുന്നു. തന്റെ ഹൽഖയിലെ സെക്രട്ടറി തഅ്ലീമുൽ ഖുർആൻ, അമീൻ, ഓഡിറ്റർ എന്നീ പദവികളിൽ സേവനമനുഷ്ഠിച്ചു. ലാഹോർ ജില്ലാ അമീർ താഹിർ സാഹിബിന്റെ ബന്ധുവായിരുന്നു. ദാറുദ്ദിക്റിൽ വെച്ചാണ് ശഹീദായത്. ഇദ്ദേഹത്തിന്റെ സഹോദരീപുത്രൻ പറഞ്ഞത്, മെയിൻ ഹാളിലെ രണ്ടാം സഫ്ഫിലാണ് ഇരുന്നത് എന്നാണ്. ഫയറിംഗ് സമയത്ത് മുറബ്ബി സാഹിബിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ചെവികളിൽ വിരലിട്ട് കിടക്കുകയായിരുന്നു. എന്നാൽ ചലനമൊന്നും ഉണ്ടായില്ല. ഒരു പക്ഷെ അപ്പോൾ തന്നെ ശഹീദായിട്ടുണ്ടാകും. ശരീരത്തിൽ നിരവധി വെടിയുണ്ടകൾ തറച്ചിരുന്നു. ഇദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞത്. അഞ്ച് നേര നമസ്കാരങ്ങളിൽ കൃത്യനിഷ്ഠയുള്ളയാളും കൃത്യമായി ചന്ദ നൽകുന്നയാളും തബ്‌ലീഗിൽ അതീവ തൽപരനുമായിരുന്നു എന്നാണ്. ജമാഅത്തീഗ്രന്ഥങ്ങൾ വായിക്കുമായിരുന്നു. കൃത്യമായി ഖുത്വുബ കേൾക്കുമായിരുന്നു. എം.ടി.എ.യിലെ മറ്റ് പ്രോഗ്രാമുകൾ കാണാൻ വളരെ താൽപര്യം കാണിച്ചിരുന്നു. എക്കൗണ്ടൻ സിൽ വിദഗ്ധനായിരുന്നു. ഇവർ കുട്ടികളായിരുന്ന സമയത്ത് ഒരിക്കൽ ഖാദിയാനിൽ ഒരു മത്സരം നടന്നു. അതായത് ആരാണ് ഏറ്റവും ആദ്യം സുബ്ഹിക്ക് പള്ളിയിലെത്തുക. ശഹീദ് മർഹൂം അതിരാവിലെ രണ്ടര മണിക്ക് തന്നെ പള്ളിയിലെത്തി. വളരെ ചെറുപ്രായത്തിലാണിത്. ഇദ്ദേഹത്തിന്റെ ഒരു മകൻ തബസ്സും മഖ്‌സൂദ് സാഹിബ് വക്കീലാണ്. തന്റെ ജീവിതം ജമാഅത്തിനായി വഖ്ഫ് ചെയ്തയാളാണ്. ഇപ്പോൾ റബ്‌വയിൽ ജോലി ചെയ്തുവരുന്നു.

ചൗദരി മുഹമ്മദ് അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം നൂർ അഹ്മദ് സാഹിബിന്റെ മകനാണ്. ഇദ്ദേഹത്തിന്റെ പിതാവും പിതാമഹനും 1921- 22 ൽ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. ഫൈസലാബാദിലാണ് പൂർവ്വികർ താമസിച്ചുവന്നത്. പിതാവ് മീർമുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ കൂടെ ജൂനിയർ ഡോക്ടറായി പ്രാക്ടീസ് ചെയ്തുപോന്നു. ഒരു വർഷത്തിലധികം ജമാഅത്തീപ്രവർത്തനങ്ങൾക്കായി ഇദ്ദേഹത്തിന്റെ പിതാവ് വഖ്ഫ് ചെയ്തു. 1928ൽ ഖീരയിലാണ് ഇദ്ദേഹം ജനിച്ചത്. ഫൈസലാബാദിൽ മെട്രിക് വരെ വിദ്യാഭ്യാസം ചെയ്തു. ശേഷം എയർഫോഴ്സിൽ ചേർന്നു. രണ്ട് വർഷത്തെ ട്രെയ്നിംഗിന് ശേഷം വളണ്ടിയറായി സേവനമനുഷ്ഠിച്ചു. സർവ്വീസിലുള്ളപ്പോൾ 1965 ലേയും 1971ലേയും യുദ്ധങ്ങളിൽ പങ്കെടുത്തു. 1965 ലെ യുദ്ധവേളയിൽ വിമാനത്തിന്റെ ബോംബ് ലോഡറിന് തകരാറ് സംഭവിച്ചപ്പോൾ കൂടെയുള്ളവർക്ക് ധൈര്യം നൽകിക്കൊണ്ട് സ്വന്തം തോളിൽ വെച്ച് ബോംബ് ലോഡ് ചെയ്യുമായിരുന്നു. ഇന്നത്തെ നാമമാത്ര പണ്ഡിതവർഗ്ഗം അഹ്മദികൾക്ക് മേൽ ആരോപിക്കാറുള്ളത് ഇവർ രാജ്യ സ്നേഹികളല്ലെന്നാണ്. എന്നാൽ ഇത്തരം അഹ്മദികൾ രാജ്യത്തിന് വേണ്ടി ത്യാഗം ചെയ്യാൻ സദാസന്നദ്ധരായിരുന്നു. ഗവൺമെന്റിന്റെ ആവശ്യപ്രകാരം മറ്റു രാജ്യങ്ങളിൽ ട്രെയ്നിംഗിനായി പര്യ

ടനം നടത്തുമായിരുന്നു. 1971 ലാണ് റിട്ടയറായത്. റിട്ടയർമെന്റിന് ശേഷം സിവിൽ ഡിഫൻസ് കം ഡിസ്പോസിബ്ൾ സ്പോട്ടിന്റെ തലവനായി 1988 വരെ സേവനമനുഷ്ഠിച്ചു. 85 വയസ്സായിരുന്നു. മൂസിയായിരുന്നു. മോഡേൺ ടൗൺ പള്ളിയിൽ വെച്ചാണ് ശഹീദാക്കപ്പെട്ടത്. ഇവിടെ തന്നെയാണ് അധികവും ജുമുഅ നമസ്കരിച്ചിരുന്നത്. ജുമുഅക്കുള്ള തയ്യാറെടുപ്പെന്ന നിലയിൽ വ്യാഴാഴ്ച തന്നെ ഡ്രസ്സ് ഇസ്തിരിയിട്ട് തയ്യാറാകുമായിരുന്നു. 12 മണിക്ക് പള്ളിയിലേക്ക് പുറപ്പെടുമായിരുന്നു. ഹാളിൽ കസേരയിലാണ് ഇരിക്കാറുള്ളത്. സംഭവസമയം ഒരു അഹ്മദി യുവാവ് അദ്ദേഹത്തെ മൂന്നാം സഫ്ഫിൽ രക്തത്തിൽ കുളിച്ച് കിടക്കുന്നതായി കണ്ടു. ആ യുവാവിനെ വിളിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. എനിക്ക് വെടിയേറ്റിരിക്കുന്നു എന്റെ വയറ്റിൽ തുണികൊണ്ട് കെട്ടുക. പരിക്കേറ്റ മറ്റുള്ളവർക്ക് വെള്ളം നൽകാനായി അദ്ദേഹം നിർദ്ദേശിച്ചു. മറ്റുള്ളവർക്ക് ആളുകളെ രക്ഷപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. ഇത്തരം കാര്യങ്ങളിൽ വളരെ വൈദഗ്ധ്യം നേടിയ ആളായിരുന്നു അദ്ദേഹം. ഒരു വെടിയുണ്ട അദ്ദേഹത്തിന്റെ കൈ വെള്ളയിലുമേറ്റിരുന്നു. ഗുരുതരമായി പരിക്കേറ്റ അദ്ദേഹത്തെ ജിന്നാ ആശുപത്രിയിലെത്തിച്ചെങ്കിലും രാത്രി 8 മണിക്ക് ശഹീദാവുകയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിലെ ഒരു സ്ത്രീ സംഭവത്തിന് രണ്ട് ദിവസം മുമ്പ് സ്വപ്നത്തിൽ ലാഹോറിൽ വെടിവെപ്പ് നടക്കുന്നതായി കണ്ടു. പാക്കിസ്ഥാനിലും മറ്റ് രാജ്യങ്ങളിലുമുള്ള പലയാളുകൾ ഇത്തരം സ്വപനങ്ങൾ കണ്ടതായി പറയപ്പെടുന്നു. ആരോടും ശത്രുത പുലർത്തിയിരുന്നില്ല. ആരോഗ്യവാനായിരുന്നു. കുട്ടികളെ വളരെയധികം സ്നേഹിച്ചു. ജമാഅത്തായ നമസ്കാരങ്ങളിലും ഖുർആൻ പാരായണത്തിലും അതീവതൽപരനായിരുന്നു. കബഡിയും ഫുട്ബോളും നന്നായി കളിക്കുമായിരുന്നു. ഖിലാഫത്തിനെ സ്നേഹിച്ചു. അദ്ദേഹത്തെപ്പറ്റി മകൾ എഴുതുന്നു. ഉപ്പ ഹാളിൽ കസേരയിലിരിക്കുകയായിരുന്നു. മുറബ്ബി സാഹിബ് ഖുത്വുബ നൽകിക്കൊണ്ടിരുന്നു. ഖുത്വുബ തുടങ്ങിയ ഉടനെ പുറത്ത് നിന്ന് വെടിയൊച്ച കേൾക്കുന്നുണ്ടായിരുന്നു. ശബ്ദം അടുത്തുവന്നുകൊണ്ടിരുന്നു. ഇതിനിടയിൽ മുറബ്ബി സാഹിബ് സ്വലാത്ത് ചൊല്ലാനായി എല്ലാവർക്കും നിർദ്ദേശം നൽകി. ഖുത്വുബ വീണ്ടും തുടരുന്നതായിരിക്കുമെന്നറിയിച്ചു. പറയുന്നു, ഉപ്പ മിയാൻ ചൗദ്രി വസീം അഹ്മദ് സാഹിബിന്റെ അടുത്താണ് ഇരുന്നത്. വസിം സാഹിബിന്റെ വൃദ്ധനായ പിതാവും കൂടെയുണ്ടായിരുന്നു. പിതാവിനെ വലിച്ചിഴച്ച് ബേസ്മെന്റിലേക്ക് കൊണ്ടുപോയി എന്റെ ഉപ്പായെ വിളിച്ചപ്പോൾ അദ്ദേഹം എഴുന്നേറ്റില്ല. പലരും പറഞ്ഞെങ്കിലും അങ്ങ് എഴുന്നേൽക്കാൻ കൂട്ടാക്കിയില്ല. വസീം സാഹിബ് പറയുന്നു. അദ്ദേഹത്തിന്റെ ഉള്ളിലുള്ള പട്ടാളക്കാരന്റെ ധൈര്യം അദ്ദേഹം വീണ്ടെടുത്തതായും അവിടുത്തെ സ്ഥിതിഗതികൾ ശരിക്ക് പഠിക്കുന്നതായും തോന്നി. .ഇതിനിടയിൽ ഒരു തീവ്രവാദി ഫയറിംഗ് നടത്തി അബ്ബാജിയുടെ അടുത്തെത്തി. കേണൽ ബശീർ സാഹിബ് പറയുന്നു, ഞാൻ കസേരയ്ക്ക് പിന്നിലായിരുന്നു. വെടിയേറ്റെങ്കിലും അദ്ദേഹം രക്ഷപ്പെട്ടു. അദ്ദേഹം പറയുന്നു. അതിനിടയിൽ ശഹീദ് മർഹൂമിന് മുറിവേറ്റു. അദ്ദേഹം മരിച്ചിട്ടുണ്ടാവുമെന്ന ധാരണയിൽ തീവ്രവാദി ഗൺ ലോഡ് ചെയ്യാനായി തിരിഞ്ഞപ്പോൾ എന്റെ അബ്ബാജി കൂടുതൽ ശക്തിയോടെ തീവ്രവാദിയുടെ കഴുത്തിന് പിടിച്ചു. ഒരു പ്രത്യേകശക്തിയാണ് അദ്ദേഹത്തെ സഹായിച്ചത്. കേണൽ ബശീർ സാഹിബും കസേരക്ക് പിന്നിൽ നിന്ന് കുതിച്ച് തീവ്രവാദിയെ പിടിക്കാനായി എത്തി. തീവ്രവാദി പിടിയിലകപ്പെട്ടപ്പോൾ മറ്റ് ഖാദിംകളും സഹായത്തിനായെത്തുകയായിരുന്നു. ഈ മൽപ്പിടുത്തത്തിനിടയിലാണ് ശഹീദ് മർഹൂമിന് വെടിയേറ്റത്. മുമ്പും വെടിയേറ്റിരുന്നു. ഒരു കൈവെള്ളയിലൂടെ പുറത്തുകടന്ന വെടിയുണ്ട മറ്റെ കയ്യിൽ തറച്ചു. വയറിന് താഴെയും ചെറിയ പരിക്കുണ്ടായിരുന്നു മൽപ്പിടുത്തത്തിനിടയിലാണ് ഗുരുതരമായ പരിക്കുപറ്റിയത്. അദ്ദേഹത്തിന്റെ പ്രയത്നഫലമായി കേണൽ ബശീർ സാഹിബും മറ്റുള്ളവരും തീവ്രവാദിയുടെ ജാക്കറ്റ് നിർവീര്യമാക്കി. ആ തീവ്രവാദിയുടെ കൈകാലുകൾ കെട്ടിയിടുകയും ചെയ്തു. വെടിയേറ്റിട്ടും അദ്ദേഹത്തിന്റെ ബുദ്ധി ശരിയായി പ്രവർത്തിച്ചിരുന്നു. ജാക്കറ്റ് നിർവ്വീര്യമാക്കുന്നതിന് നിർദ്ദേശിച്ചതും അദ്ദേഹം തന്നെയായിരുന്നു. അദ്ദേഹത്തിന്റെ അവസ്ഥ കണ്ട ഞങ്ങൾ പരിഭ്രാന്തരായി. പക്ഷേ, അദ്ദേഹം ഒരിക്കലും വേദനയനുഭവിക്കുന്നതായി കാണിച്ചില്ല. തന്റെ ജീവൻ അല്ലാഹുവിന് ഏൽപ്പിച്ചുകൊണ്ട് ശഹീദായി.

ഇൽയാസ് അസ്‌ലം ഖുറൈശി സാഹിബ് ശഹീദ്, ഇദ്ദേഹം മാസ്റ്റർ മുഹമ്മദ് ശഫി അസ്‌ലം സാഹിബിന്റെ മകനാണ്. ഇദ്ദേഹത്തിന്റെ കുടുംബം ഖാദിയാൻ വാസികളായിരുന്നു. പിന്നീട് ഗുജറൻ വാലയിലേക്ക് താമസം മാറി. അദ്ദേഹത്തിന്റെ പിതാവ് മുബല്ലിഗായി സേവനമനുഷ്ഠിക്കുകയും ശുദ്ധിപ്രസ്ഥാനവുമായി ബന്ധപ്പെട്ട് ജമാഅത്തിനുവേണ്ടി ഒരുപാട് സേവനങ്ങൾ ചെയ്യുകയും ചെയ്തു. സഹോദരൻ അഹ്മദ് അസ്‌ലം സാഹിബ് ഖാദിയാനിലെ 313 ദർവേശ്മാരിൽ ഒരാളായിരുന്നു. ഗ്രാജ്വേഷന് ശേഷം നാഷണൽ ബാങ്കിൽ ഉദ്യോഗസ്ഥനായി. റിട്ടയറാകുമ്പോൾ എ. ബി.പി. ബാങ്കിന്റെ അസിസ്റ്റന്റ് വൈസ് പ്രസിഡന്റ് സ്ഥാനത്തായിരുന്നു. 76 വയസ്സായിരുന്നു. മൂസിയായിരുന്നു. ബൈത്തുന്നൂറിൽ വെച്ചാണ് ശഹീദാക്കപ്പെട്ടത്. ജൗഹർ ടൗൺ ഹൽഖയുടെ സദറായി സേവനമനുഷ്ഠിച്ചു. രണ്ടാം ഹാളിലെ ആദ്യത്തെ സഫ്ഫിലാണ് ഇരുന്നത്. തീവ്രവാദി വെടിയുതിർക്കാൻ തുടങ്ങിയപ്പോൾ മറ്റാളുകളുടെ സഹായത്തോടെ ആ ഭാഗത്തുള്ള വാതിൽ അടയ്ക്കാൻ ശ്രമിച്ചപ്പോൾ നേരെയുണ്ടായ വെടിവെപ്പിൽ ഗുരുതരമായി വെടിയേൽക്കുകയായിരുന്നു. പരുക്കുകളോടെ മണിക്കൂറുകളോളം കിടന്നു. 4 മണിക്കാണ് ശഹീദായത്. ഭാര്യ പറയുന്നു. വളരെ ലളിതജീവിതം നയിക്കുന്നയാളും മുത്തഖിയുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് എപ്പോഴും നന്ദി പറയുമായിരുന്നു. വളരെയധികം ദുആ ചെയ്യുന്നയാളും ജമാഅത്തിനായി സന്തോഷത്തോടെ ഒരുപാട് സേവനങ്ങൾ ചെയ്യുന്നയാളുമായിരുന്നു. കുട്ടികൾ പറയുന്നു, സ്നേഹധനനായ പിതാവും സഹതാപം പ്രകടിപ്പിക്കുന്നയാളുമായിരുന്നു. കൃത്യമായി തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. എപ്പോഴും പുഞ്ചിരിക്കുകയും എല്ലാവരോടും വളരെ അടുത്ത ബന്ധം പുലർത്തുകയും ചെയ്യുമായിരുന്നു. നമസ്കാരം ഖളാ ആയി നമസ്കരിക്കുന്നതായി കണ്ടിട്ടേയില്ല. 5 വർഷമായി ഹൽഖ ജൗഹർ ടൗൺ സദറായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു. ജമാഅത്ത് ജോലിയിൽ എപ്പോഴും വ്യാപൃതനായിരുന്നു. അതിന് ഖാദിമകളോ അൻസാറു

കളോ ആര് തന്നെയായാലും യാതൊരു പരാതിയും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ഉച്ചക്കോ രാത്രിയോ ജമാഅത്തിന്റെ കാര്യവുമായി ആരുവന്നാലും ഏത് സമയം വേണമെങ്കിലും എന്നെ വിളിക്കുക ഞാൻ ഉറങ്ങുകയാണെങ്കിലും എന്നെ വിളിക്കുക എന്ന് ഭാര്യാമക്കളോട് പറയുമായിരുന്നു. എപ്പോഴും ഖിലാഫത്തിനോടും ജമാഅത്തിനോടും അഗാധമായ സ്നേഹമായിരുന്നു.അതിനായി ഉപദേശിക്കുകയും ചെയ്യുമായിരുന്നു

ത്വാഹിർ മഹ്മൂദ് അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം മർഹൂം സഈദ് അഹ്മദ് സാഹിബിന്റെ മകനാണ്. ഇദ്ദേഹത്തിന്റെ കുടുംബം ക്വയിറ്റ ജില്ല മുസഫർ ഗഡ് സ്വദേശികളായിരുന്നു. പിതാവ് 1953 ൽ കുടുംബത്തിൽ നിന്ന് ആദ്യമായി ബൈഅത്ത് ചെയ്യുകയും പിന്നീട് 1993 ൽ ലാഹോറിലേക്ക് മാറിത്താമസിക്കുകയും ചെയ്തു. ശഹീദ് മർഹൂം മെട്രിക്കുലേഷൻ പൂർത്തിയാക്കിയ ശേഷം ജോലിയിൽ പ്രവേശിച്ചു. ട്രെയിനിംഗിനായി മലേഷ്യയിലേക്ക് പോയി. ചെറുതായി മാനസികപ്രശ്നം നേരിട്ടിരുന്നു. 53 വയസ്സായിരുന്നു. ബൈത്തുന്നൂറിൽ വെച്ചാണ് ശഹീദായത്. ജുമുഅക്ക് മുമ്പായി തന്റെ ഹൽഖയിലെ സദറിനെ കാണാനായി സദർ സാഹിബിന്റെ വീട്ടിലേക്ക് പോയി. സദർ സാഹിബ് തമാശയെന്നോണം ഇന്ന് നമുക്ക് നൂർ പള്ളിയിലേക്ക് പോകാമെന്ന് പറഞ്ഞു. അങ്ങനെ അദ്ദേഹത്തിന്റെ കൂടെ ആദ്യമായി ബൈത്തുന്നൂറിലേക്ക് വരികയും ചെയ്തു. സാധാരണ ജുമുഅ നമസ്കാരത്തിനായി മറ്റ് സെന്ററുകളിലാണ് പോകാറുള്ളത്. ചിലപ്പോൾ ദാറുദ്ദിക്റിൽ പോകുമായിരുന്നു. ബൈത്തുന്നൂറിൽ ആദ്യമായാണ് ജുമുഅക്കെത്തുന്നത്. വൈകുന്നേരം 7 മണിക്കാണ് ശഹീദായ വിവരം ലഭിച്ചത്. രണ്ട് വെടിയുണ്ടകളിൽ ഒന്ന് നെഞ്ചിലും മറ്റൊന്ന് നെറ്റിയിലുമാണ് തറച്ചത്. അദ്ദേഹം ധൈര്യശാലിയും ജമാഅത്തിനായി സേവനതൽപരനായിരുന്നു. താൻ വെടിയുണ്ടകളെ ഭയപ്പെടുന്നില്ലെന്നും താൻ ശഹീദാകാൻ ആഗ്രഹിക്കുന്നുവെന്നും എപ്പോഴും പറയുമായിരുന്നു. പരിശുദ്ധനും ഊർജ്ജസ്വലനുമായ പ്രവർത്തകനായിരുന്നു. തെരുവിലൂടെ പോകുന്ന ആരെ കണ്ടാലും ആദ്യം തന്നെ സലാം പറയുമായിരുന്നു.

സയ്യിദ് ഇർശാദലി സാഹിബ് ശഹീദ് ഇദ്ദേഹം സയ്യിദ് സമീഉല്ലാ സാഹിബിന്റെ മകനാണ്. ശഹീദ് മർഹൂം കൂച ഇഹ്സാനുദ്ദീൻ സിയാൽകോട്ട് സ്വദേശിയായിരുന്നു. പിതാമഹൻ ഖസ്‌ലത്ത് അലി ഖാൻ സാഹിബും മാതാമഹൻ മീർ ഹാമിദ്ഷാ സാഹിബും മസീഹ് മൗഊദ്(അ)ന്റെ സഹാബിമാരും മസീഹ് മൗഊദു(അ)മായി അടുത്ത സുഹൃത്ബന്ധമുള്ളവരുമായിരുന്നു. മസീഹ് മൗഊദ് (അ) സിയാൽകോട്ട് സന്ദർശിക്കുമ്പോൾ ഇവരുടെ വീട്ടിലാണ് താമസിച്ചിരുന്നത്. ഈ വീട് ജമാഅത്ത് ആവശ്യങ്ങൾക്കായി നൽകുകയും ചെയ്തു. പിതാവ് ജാമിഅ അഹ്മദിയ്യയുടെ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചിരുന്നു. അദ്ദേഹം ജമാഅത്തിനായി തന്നെ വഖ്ഫ് ചെയ്യുകയും ചെയ്തു. ശഹീദ് മർഹൂം ബി.എ ഡിഗ്രി പൂർത്തിയാക്കിയ ശേഷം മറ്റ് പല പരീക്ഷകളും എഴുതുകയും ശേഷം ലേബർ ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് ഡയറക്ടറായി ജോലി ലഭിക്കുകയും ചെയ്തു. ഡപ്യൂട്ടി ഡയറക്ടർ സ്ഥാനത്തിരിക്കുമ്പോഴാണ് റിട്ടയറായത്. മോഡൺ ടൗൺ പള്ളിയിൽ സെക്രട്ടറി മാലായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു. 80 വയസ്സ് പ്രായമായിരുന്ന അദ്ദേഹം മൂസിയായിരുന്നു. ബൈത്തുന്നൂറിൽ വെച്ചാണ് ശഹീദായത്. വീട്ടുകാർ പറയുന്നു. ജുമുഅക്ക് പോകുന്നതിനു മുമ്പായി കിടന്നുകൊണ്ട് ഇന്നെനിക്ക് വിശ്രമിക്കണമെന്ന് തോന്നുന്നു, പോകാൻ തോന്നുന്നില്ല. എന്നാൽ കുറച്ച് കഴിഞ്ഞപ്പോൾ തന്നെ ജുമുഅക്ക് എഴുന്നേറ്റ് പോയി. പോകുമ്പോൾ ഞാൻ പോകുകയാണെന്ന് ഉച്ചത്തിൽ പറയുന്നുണ്ടായിരുന്നു. നൂർ പള്ളിയിൽ വരാന്തയിൽ കസേരയിലാണ് ഇരുന്നത്. ആക്രമണത്തിന്റ തുടക്കത്തിൽ വരാന്തയിലിരിക്കുന്നവരെ ഹാളിലേക്ക് പറഞ്ഞയച്ചു. അവിടെവെച്ചാണ് ശഹീദായത്. മൂന്ന് വെടിയുണ്ടകൾ തറച്ചിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. കുറെ വർഷങ്ങൾക്കു മുമ്പ് ശഹീദ് മർഹൂം ഇന്നീ റാഫിഉക്ക വമുത്തവഫ്ഫീക്ക എന്ന ശബ്ദം കേട്ടതായിപ്പറഞ്ഞു. കേട്ടയാൾ തിരിച്ച് ഇങ്ങനെയെഴുതിയതാവാം. മുത്തവഫ്ഫീക്ക വറാഫിഉക്ക എന്നാണ് വേണ്ടത്. ഏതായാലും ആ ശബ്ദത്തിന്റെ അർത്ഥം എനിക്ക് മനസ്സിലായില്ല. ശഹാദത്തിന് ഇരുപത് ദിവസങ്ങൾക്ക് മുമ്പ് We Receive you with Weapon arms with red carpet എന്ന ശബ്ദം കേൾക്കാനിടയായി. വീണ്ടും (ശഹാദത്തിന് മുമ്പ്) വളരെ മനോഹരമായ ഒരു വീട് സ്വപ്നത്തിൽ കാണുകയും അവിടെ മുസ്‌ലിഹ് മൗഊദ് (റ) വന്നതായും കണ്ടു. രണ്ടു മൂന്ന് മാസങ്ങളായി തനിക്ക് തന്റെ പൂർവ്വികന്മാരെപ്പോലെ ജമാഅത്തിന് സേവനം ചെയ്യാൻ സാധിച്ചില്ല എന്ന് പറയുമായിരുന്നു. അക്കാര്യത്തിൽ വളരെ വിഷമത്തിലായിരുന്നു. സമസൃഷ്ടികളോടുള്ള കടമകൾ പാലിക്കുകയും കുടുംബബന്ധങ്ങളെ ഊട്ടിയുറപ്പിക്കുകയും ചെയ്യുമായിരുന്നു.

നൂറുൽ അമീൻ സാഹിബ് ശഹീദ്. ഇദ്ദേഹം നദീർ വസീം സാഹിബിന്റെ മകനാണ്. റാവൽപിണ്ടിയിലാണ് ജനിച്ചത്. മെട്രിക്കുലേഷൻ പഠനശേഷം ഫോട്ടോഗ്രാഫറായി നേവിയിൽ ചേർന്നു. പിതാമഹൻ മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. മാതാമഹൻ ബാബു അബ്ദുൽഗഫ്ഫാർ സാഹിബ് അമീർ ജില്ലാ ഹൈദരാബാദ് ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം ശഹീദാക്കപ്പെടുകയായിരുന്നു. ശഹീദ് മർഹൂം ദീർഘകാലം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഊർജ്ജസ്വലനായ പ്രവർത്തകനായിരുന്നു. പള്ളിയിൽ സ്ഥാപിച്ചിരിക്കുന്ന ക്ലോസ്ഡ് സർക്യൂട്ട് സിസ്റ്റത്തിനെ നിയന്ത്രിച്ചുപോന്നു. കുറച്ച് കാലം കറാച്ചിയിൽ താമസിച്ചിരുന്നു. 39 വയസ്സായിരുന്നു. ദാറുദ്ദിക്റിലാണ് ശഹീദായത്. അക്രമണസമയത്ത് വീട്ടിലേക്ക് ഫോൺ വിളിച്ചുകൊണ്ട് പറഞ്ഞു. ഞാൻ രക്ഷപ്പെടാവുന്ന സ്ഥലത്താണ് ഇപ്പോഴുള്ളത്. പക്ഷേ, ഞാൻ ഇവിടെ ഡ്യൂട്ടിയിലാണ്. ഡിഷ് ആന്റിനക്ക് പിന്നിൽ ഇരിക്കുകയായിരുന്നു. ഒരു ഗ്രനേഡ് സ്ഫോടനത്തിലാണ് ശഹീദായത്. ഭാര്യ പറയുന്നു. വളരെയധികം ഗുണങ്ങളുള്ളയാളായിരുന്നു. കുട്ടികൾക്ക് ശരിയായ ശിക്ഷണം നൽകുമായിരുന്നു. ഭാര്യയോട് ഫോണിൽ സംസാരിക്കുന്നതിനിടയിൽ നിങ്ങളവിടന്ന് രക്ഷപ്പെട്ടുകൊള്ളുക എന്ന് പറഞ്ഞപ്പോൾ, തന്നെപ്പോലെയുള്ള പലയാളുകൾ ഇവിടെയുണ്ട് അവരെ ഉപേക്ഷിച്ച് തനിക്ക് വരാൻ സാധിക്കില്ല എന്നറിയിച്ചു. കുട്ടികളുടെ ശിക്ഷണകാര്യത്തിൽ ചിന്താകുലനായിരുന്നു. പ്രത്യേകിച്ച് വഖ്ഫെനൗ കുട്ടികളുടെ കാര്യത്തിൽ. ജമാഅത്ത് പ്രവർത്തനങ്ങളിൽ എപ്പോഴും മുൻപന്തിയിലായിരുന്നു.

ചൗദ്ദരി മുഹമ്മദ് മാലിക് സാഹിബ് ശഹീദ്. ഇദ്ദേഹം ഫത്തഹ് മുഹമ്മദ് സാഹിബിന്റെ മകനാണ്. ഗക്കർമണ്ടിയിൽ താമസിച്ചുവന്ന ഇദ്ദേഹം പിന്നീട് ഗുജറൻവാലയിൽ വരികയും, ശേഷം

ലാഹോറിൽ താമസമാരംഭിക്കുകയം ചെയ്തു. ജനനത്തിന് മുമ്പ് തന്നെ പിതാവ് മരണപ്പെട്ടിരുന്നു. മെട്രിക്കുലേഷൻ വരെ പഠിച്ച ശേഷം മാതാവ് തന്റെ മകന്റെ വിദ്യാഭ്യാസ ആവശ്യാർത്ഥം കയ്യിൽ അണിഞ്ഞിരുന്ന സ്വർണ്ണവള ഊരി നൽകി പഠനത്തിനായി അയക്കുകയും അങ്ങനെ ബി.എ ഡിഗ്രി പൂർത്തിയാക്കുകയും ചെയ്തു. ഉടനെതന്നെ ജയിലിൽ ജോലി ലഭിച്ചിരുന്നു. പക്ഷേ, ആ ജോലി ചെയ്യാൻ തയ്യാറായില്ല. 93 വയസ്സായിരുന്നു. മൂസിയായിരുന്നു. ബൈത്തുന്നൂറിൽവെച്ചാണ് ശഹീദായത്. മരണം തീർച്ചയായും വരേണ്ടതായിരുന്നു. പക്ഷെ അല്ലാഹു അദ്ദേഹത്തിന് ശഹാദത്ത് നൽകി. ബന്ധുക്കൾ പറയുന്നു, വാർദ്ധക്യസഹജമായി ഒന്നും ഓർമ്മയിൽ നിൽക്കില്ലായിരുന്നു. അതുകൊണ്ട് തന്നെ ഏഴോ,എട്ടോ ജുമുഅകൾക്ക് പോകാൻ സാധിച്ചില്ല. മെയ് 28 ന് പോകാൻ വാശി പിടിക്കുകയായിരുന്നു. മകന്റെ ഭാര്യ പറയുന്നു. ഉപ്പയോട് പുറത്ത് കാലാവസ്ഥ ശരിയില്ല. കൊടും കാറ്റടിക്കുന്നുണ്ട്. അതുകൊണ്ട് ഇന്ന് പോകേണ്ടതില്ല എന്ന് പറഞ്ഞു. ശഹീദ് മർഹൂമിന്റെ മക്കളും അദ്ദേഹം പോകരുതെന്നാണാഗ്രഹിച്ചിരുന്നത്. എന്നാൽ ജുമുഅക്ക് തയ്യാറായി വീട്ടിൽ നിന്നും പുറപ്പെട്ടു. പള്ളിയുടെ വരാന്തയിൽ കസേരയിലിരുന്നാണ് എപ്പോഴും നമസ്ക്കരിച്ചിരുന്നത്. സംഭവദിവസവും അതേ സ്ഥലത്ത് തന്നെയിരുന്നു. അക്രമണത്തിന്റെ തുടക്കത്തിൽ തന്നെ വെടിയേറ്റ് ശഹീദാവുകയായിരുന്നു. ആരോടും ഒരു വിധ അതിക്രമവും ചെയ്യുമായിരുന്നില്ല. മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങൾ വളരെ താൽപര്യത്തോടെ വായിക്കുമായിരുന്നു. വീട്ടുകാരെയും അതിന്നായി ഉപദേശിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മകൻ ദാവൂദ് അഹ്മദ് സാഹിബ് എഴുതുന്നു, ഞാൻ എം.എ പാസായതിന് ശേഷം ഉപ്പയോട് ജോലിക്കായി അനുമതി ചോദിച്ചപ്പോൾ എന്നോട് പറഞ്ഞു. നീ എന്റെ കീഴിൽ ജോലിചെയ്തു കൊള്ളുക. അതെന്താണെന്ന് ചോദിച്ചപ്പോൾ പറഞ്ഞു. നീ ദിവസവും ഓഫീസിൽ പോകുന്നതു പോലെ രാവിലെ ഇവിടെ വരിക. ഇടയ്ക്ക് നിനക്ക് വിശ്രമസമയവുമുണ്ടാകും. വൈകുന്നേരം 5മണിക്ക് അവസാനിക്കും. ഇവിടെയിരുന്ന് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ വായിക്കുക എന്നതാണ് നിന്റെ ജോലി. നീ ചെയ്യാനുദ്ദേശിക്കുന്ന ജോലിയിൽ നിന്ന് നിനക്കെത്ര ലഭിക്കുമോ അത്ര തുക ഞാൻ നിനക്ക് ശമ്പളമായി നൽകുന്നതാണ്. മസീഹ്മൗഊദ് (അ) ന്റെ മുഴുവൻ ഗ്രന്ഥവും വായിച്ചതിന് ശേഷമാണ് ആ ജോലി പൂർത്തിയായത്. ചെറുപ്പം മുതൽ വിവാഹിതനാകുന്നതു വരെ ബാങ്ക് ശബ്ദം കേട്ടുകഴിഞ്ഞാൽ എല്ലാ വീടുകളിലും പോയി അവിടെയുള്ള കുട്ടികൾ എഴുന്നേൽക്കുന്നതു വരെ മുട്ടുമായിരുന്നു. പിന്നീട് വുളു ചെയ്ത ശേഷം വീട്ടിൽ ജമാഅത്തായി നമസ്ക്കരിക്കുമായിരുന്നു. കുട്ടികളുടെ ശിക്ഷണവുമായി ബന്ധപ്പെട്ടു ഒരിക്കൽ പോലും അവരെ അടിച്ചിരുന്നില്ല. മകൻ പറയുന്നു, അതായത് കുട്ടികൾക്ക് വേണ്ടി ദുആ ചെയ്യണമെന്നും ഇതിലാണ് സഹതാപമുള്ളതെന്നും അടിക്കുന്നതു കൊണ്ട് ഒരിക്കലും ശരിയായ ശിക്ഷണം സാദ്ധ്യമാവുകയില്ല എന്ന് എന്നോട് പറയുമായിരുന്നു. പറയുന്നു. രാത്രിയിൽ ഉറക്കത്തിൽ നിന്ന് എന്റെ കണ്ണുകൾ തുറക്കുമ്പോഴെല്ലാം ഉപ്പ കരഞ്ഞ് ദുആ ചെയ്യുന്നതായിട്ടാണ് ഞാൻ കണ്ടത്. മകൻ പറയുന്നു, 1974 ൽ ഞങ്ങൾ സാറ്റലൈറ്റ് ടൗൺ ഗുജ്റൻവാലയിലായിലായിരുന്നു. സ്ഥിതിഗതികൾ മോശമായത് കാരണം കുറെ അഹ്മദികൾ ഞങ്ങളുടെ വീട്ടിലാണ് താമസിച്ചിരുന്നത്. ഒന്നര രണ്ട് മാസങ്ങളോളം അവർ വീട്ടിനടുത്ത് തന്നെയാണ് കഴിഞ്ഞത്. ഇത്രയും കാലം അവർക്ക് വേണ്ടി വളരെയധികം സേവനങ്ങൾ ചെയ്തു. വളരെയധികം വിശ്വസ്തനായിരുന്നു. ഒരിക്കലും കളവ് പറയുമായിരുന്നില്ല. എപ്പോഴും സത്യത്തോടൊപ്പം നിൽക്കുകയും, സത്യം മാത്രമേ പറയുകയും ചെയ്യുമായിരുന്നുള്ളൂ. മുഴുവൻ കുടുംബത്തെയും വസിയ്യത്ത് പദ്ധതിയ്ൽ അംഗങ്ങളാക്കി.

ശേഖ് സാജിദ് അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം ശേഖ് അമീർ അഹ്മദ് സാഹിബിന്റെ മകനാണ്. ദേരയിലാണ് താമസിച്ചുവന്നത്. ലാഹോറിൽ നിന്ന് ബാച്ചിലർ ഡിഗ്രി കരസ്ഥമാക്കി ശേഷം എം.സി.ബി. റാവൽ പിണ്ഢിയിൽ ജോലിയിൽ പ്രവേശിച്ചു. 2003 ൽ മാനേജർ പദവിയിലിരിക്കുമ്പോൾ റിട്ടയറായതിന് ശേഷം മക്കൾ ലാഹോരിലായിരുന്നത് കൊണ്ട് കുടുംബസമേതം ലാഹോറിലേക്ക് താമസം മാറ്റി. ശേഖ് മുഹമ്മദ് യൂസുഫ് ഖമർസാഹിബ് അമീർജില്ല കസൂറിന്റെ ബന്ധുവായിരുന്നു. മജ്ലിസ് അൻസാറുല്ലായുടെ വളരെയധികം ഉത്തരവാദിത്ത്വബോധമുള്ള സജീവ പ്രവർത്തകനായിരുന്നു. സെക്രട്ടറി തഅ്ലീമുൽ ഖുർആൻ ആയി സേവനമനുഷ്ഠിച്ചുവരികയായിരുന്നു. 59 വയസ്സായിരുന്ന അദ്ദേഹം മൂസിയായിരുന്നു. ബൈത്തുന്നൂറിലാണ് ശഹീദായത്. ജുമുഅ ദിവസം നേരത്തെ തന്നെ പള്ളിയിലെത്തുകയും വളരെ മനോഹരമായ രീതിയിൽ നമസ്ക്കരിക്കുകയും ചെയ്യുമായിരുന്നു. സംഭവദിവസം പള്ളിയുടെ മെയിൻ ഹാളിനു പിന്നിലുള്ള ഹാളിലാണ് ഇരുന്നത്. 15 മിനിറ്റിനുശേഷം ഫയറിംഗ് ആരംഭിച്ചു. മകനായ ശഹ്സാദ് നയീമിനെ വിളിച്ചുകൊണ്ട് പരുക്കുകളൊന്നുമില്ലാതെ പള്ളിയിലുണ്ടെന്നറിയിക്കുകയും അവനെപ്പറ്റി അന്വേഷിക്കുകയും ചെയ്തു. കുറച്ച് സമയത്തിന് ശേഷം മറ്റ് സഹോദരന്മാരോടൊപ്പം വാതിൽ അടയ്ക്കാനായി മുന്നിലേക്ക് വരികയും, എന്നാൽ, വാതിൽ ശരിയായി അടയ്ക്കാൻ സാധിക്കാത്തതിനാൽ അവിടെത്തന്നെ നിൽക്കേണ്ടി വരികയും ചെയ്തു. ഈ സമയം കൊണ്ട് ഒരുപാടാളുകൾക്ക് ബേസ്മെന്റിലേക്ക് പോകാൻ കഴിഞ്ഞു. എന്നാൽ തീവ്രവാദി പെട്ടെന്ന് അവിടെ ഫയറിംഗ് നടത്തുകയും ഗ്രനേഡ് എറിയുകയും ചെയ്തപ്പോഴാണ് ശഹീദായത്. ഒരു മകന്റെ വിവാഹവും ജോലിയും സംബന്ധമായി ചിന്താകുലനായിരുന്നു. ജുമുഅ ദിവസം മകനോട് ഇന്റർവ്യൂവിനെക്കുറിച്ചും ഉണ്ടായ ചോദ്യങ്ങളെക്കുറിച്ചും അന്വേഷിക്കുകയും ഇൻശാ അല്ലാഹ് ജോലി ലഭിക്കുമെന്ന് പറയുകയും ചെയ്തു. ദൈവാനുഗ്രഹത്താൽ രണ്ട് മൂന്ന് ദിവസങ്ങൾക്ക് ശേഷം ജോലി ലഭിക്കുകയും ചെയ്തു. ഭാര്യാ മക്കളുടെ കാര്യത്തിലും ഭാര്യാ വീട്ടുകാരുമായുള്ള ബന്ധത്തിന്റെ കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. ലളിതസ്വഭാവക്കാരനും അനുസരണശീലനുമായിരുന്നു. ഖിലാഫത്തിനോട് അഗാധമായ സ്നേഹമുണ്ടായിരുന്നു. മക്കളുടെ എല്ലാ കാര്യങ്ങളും ശ്രദ്ധിക്കുമായിരുന്നു. മകൻ പറയുന്നു. പ്രദേശത്തെ ഒരു അനഹ്മദീ കച്ചവടക്കാരൻ സംഭവത്തിന് ശേഷം സ്വപ്നത്തിൽ ഉപ്പ ഇങ്ങനെ പറയുന്നതായിക്കണ്ടു.അതായത്,ഞാനിവിടെ എങ്ങനെയെത്തി എന്നറിയില്ല. ഞാനിവിടെ വളരെ സന്തോഷവാനാണ്.

സയ്യിദ് ലയീഖ് അഹ്മദ് ഇദ്ദേഹം സയ്യിദ് മുഹ്യുദ്ദീൻ സാഹിബിന്റെ മകനാണ്. രാൻചി ജില്ല ബീഹാറിൽ നിന്നാണ് വന്നത്.

ശഹീദ് മർഹൂമിന്റെ പിതാവ് അവിടെ അലിഗഡ് യൂനിവേർസിറ്റി യിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ ഒരു അഹ്മദി വിദ്യാർത്ഥിയു മായി സംസാരിക്കാനിടയായി. അഹ്മദി വിദ്യാർത്ഥി ഈസാ നബി യുടെ മരണത്തെക്കുറിച്ചും വാഗ്ദത്ത മസീഹിന്റെ ആഗമനത്തെ ക്കുറിച്ചും പറഞ്ഞ ശേഷം ഇദ്ദേഹം അഹ്മദിയുടെ തലക്കടിച്ചു. പിന്നീട് ചില പുസ്തകങ്ങൾ വായിക്കുകയും ചെയ്തു. മൗലവി സനാഉല്ലാ അമൃത്സരി ഈ വിഷയവുമായി ബന്ധപ്പെട്ടപ്പോൾ അദ്ദേ ഹം ശകാരവാക്കുകൾ നിറഞ്ഞ ചില പുസ്തകങ്ങൾ നൽകി. പുസ്തകം കിട്ടിയ ശഹീദ് മർഹൂമിന്റെ പിതാവ് ഇദ്ദേഹം താൻ കാര്യമന്വേഷിക്കുമ്പോൾ ചീത്തവിളിക്കാൻ പഠിപ്പിക്കുന്നു എന്ന് പറയുകയും ക്രമേണ അഹ്മദിയ്യത്തിൽ ആകൃഷ്ടനാവുകയും ബൈഅത്ത് ചെയ്ത് പ്രവേശിക്കുകയും ചെയ്തു. ഇപ്പോഴും ഈ പണ്ഡിതന്മാർ ഇതേ നടപടി തുടർന്നു വരികയാണ്. എന്നാൽ ഇപ്പോൾ ചീത്തവിളികൾ പുസ്തകങ്ങളിലൂടെയോ നോട്ടീസുക ളിലൂടെയോ അല്ല. ടി.വി.കളിലൂടെ ജമാഅത്തിനെതിരിലും ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام)നെതിരിലും ആരോപണങ്ങൾ ഉന്ന യിക്കുകയാണ് ചെയ്യുന്നത്. ഇത്തരം പ്രവൃത്തികൾ കൊണ്ട് ശഹീ ദിന്റെ പിതാവ് ആകൃഷ്ടനായതുപോലെ ജനങ്ങൾ ആകൃഷ്ടരാ കുന്നതാണ്. ശഹീദ് മർഹൂം ജന്മനാ അഹ്മദിയായിരുന്നു. മെട്രി ക്കുലേഷൻ പഠനത്തിന്ശേഷം എം.എ. ഇംഗ്ലീഷിന് പാറ്റ്ന യൂനി വേഴ്സിറ്റിയിൽ ചേർന്നു. ലാഹോറിലേക്ക് പാലായനം ചെയതത് 1969 ലായിരുന്നു. ലാഹോറിൽ എം.സി.ബി.യിൽ ചേർന്നു. കുറച്ച് വർഷങ്ങൾക്ക് മുമ്പാണ് മാനേജർ പദവിയിൽ നിന്ന് റിട്ടയറായത്. ശേഷവും ബാങ്കിൽ തന്നെ ജോലി തുടർന്നു. 72 വയസ്സായിരു ന്നു. മൂസിയായിരുന്നു. പള്ളിയിൽ വന്ന് സുന്നത്ത് നമസ്കാരം തുടങ്ങിയപ്പോൾ കൂടെയിരുന്ന മുബാറക്ക് സാഹിബിന് നെറ്റിയിൽ വെടിയേറ്റത് കണ്ട് അദ്ദേഹത്തെ സമാധാനിപ്പിച്ചുകൊണ്ടിരുന്നു. ശഹീദ് മർഹൂമും തീവ്രവാദിയുടെ വെടിയുണ്ടകൾക്കിരയായി. എഴുന്നേൽക്കാൻ വളരെയധികം ശ്രമിച്ചെങ്കിലും അതിന് സാധി ച്ചില്ല. നട്ടെല്ലിനാണ് വെടിയേറ്റിരുന്നത്. അവിടെ വെച്ച് ശഹീദായി. ശാന്തപ്രകൃതക്കാരനും ജമാഅത്തിനെ അഗാധമായി സ്നേഹിക്കു ന്നയാളുമായിരുന്നു. ജമാഅത്തിനും ഖിലാഫത്തിനുമെതിരെ സംസാരിക്കുന്നത് ഒരിക്കലും സഹിക്കാൻ കഴിയുമായിരുന്നില്ല. ആരെങ്കിലും മസീഹ് മൗഊദി (عليه السلام) നെക്കുറിച്ചോ ഖലീഫമാരെ ക്കുറിച്ചോ വല്ലതും പറഞ്ഞാൽ മണിക്കൂറുകളോളം അവരുമായി സംസാരിക്കുമായിരുന്നു. ജമാഅത്തുമായി അഭേദ്യമായ ബന്ധം സ്ഥാപിച്ചിരുന്നു. വിഷമാവസ്ഥയിലും മക്കൾക്ക് നല്ല ശിക്ഷണം നൽകി. മക്കളിൽ ഒരാളെ ഡോക്ടറാക്കി. മകൾ ഫ്രഞ്ച് ഭാഷയിൽ എം.എ ബിരുദം നേടി. എല്ലാ മക്കൾക്കും നല്ല ജോലി ലഭിച്ചിരിക്കു ന്നു. ജുമുഅ നമസ്കാരം ഒരു ഉപേക്ഷയും കൂടാതെ നമസ്കരി ക്കുന്നയാളായിരുന്നു. ഒരിക്കൽ ഭാര്യക്ക് തീരെ സുഖമില്ലാതായി. ആശു പത്രിയിൽ കൊണ്ടുപോകണമായിരുന്നു.എന്നാൽ ആശുപത്രിയിൽ പോകുന്നതിന് പകരം ജുമുഅ ദിവസമായതു കൊണ്ട് നേരെ പള്ളി യിലേക്ക് പോയി. തിരിച്ചു വരുമ്പോൾ ഭാര്യ ജീവനോടെയുണ്ടാകുമോ എന്ന് പോലും ചിന്തിച്ചില്ല. അത്ര കഠിനരോഗമായിരുന്നു

മുഹമ്മദ് അശ്റഫ് ബുള്ളർ സാഹിബ് ശഹീദ്. ഇദ്ദേഹം മുഹ മ്മദ് അബ്ദുല്ലാഹ് സാഹിബിന്റെ മകനാണ്. പൂർവ്വികർ ലാഹോർ ജില്ല സ്വദേശികളായിരുന്നു. പിതാമഹൻ സിക്കന്തർഅഹ്മദ് സാഹി ബാണ് അഹ്മദിയ്യത്തിൽ പ്രവേശിച്ചത്. കൃഷിക്കാരായിരുന്നു. എന്നാൽ പിന്നീട് അത് ഉപേക്ഷിച്ച് ഇഷ്ടിക നിർമ്മാണത്തിലേക്ക് നീങ്ങി. പ്രൈമറിവിദ്യാഭ്യാസമേ ഉണ്ടായിരുന്നുള്ളൂ. 2004ൽ ഉംറ ക്കായി പോയി. ജമാഅത്തിപ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുന്ന തിന്നായി സഹോദരന്മാർക്ക് ധൈര്യം നൽകുമായിരുന്നു. 47 വയ സ്സായിരുന്നു. ബൈത്തുന്നൂറിൽ വെച്ചാണ് ശഹീദായത്. ജുമുഅ നമസ്കാരങ്ങൾ കൃത്യമായി നിർവ്വഹിച്ചുപോന്നു. സംഭവദിവസം പിന്നിലുള്ള ഹാളിലാണ് ഇരുന്നത്. മുമ്പിലുള്ള വാതിൽ അട യ്ക്കാനായി സഹായിച്ചുകൊണ്ടിരുന്നു. എന്നാൽ തീവ്രവാദികൾ ചെറിയ ഹാളിലും കയറുകയും വാതിലിനുനേരെ വെടിവെക്കു വാൻ തുടങ്ങുകയും ചെയ്തു. ഗുരുതരമായി പരിക്കേറ്റ അദ്ദേഹം സംഭവസ്ഥലത്ത് ശഹീദായി. വളരെ ബഹുമാന്യനായ വ്യക്തിയാ യിരുന്നു. തബ്ലീഗിൽ അതീവതൽപരനായിരുന്നു. അദ്ദേഹ ത്തിന്റെ ജനാസ നമസ്കാരത്തിൽ പല അനഹ്മദികളും പങ്കെ ടുത്തിരുന്നു. പിന്നീട് മെയ് 30-ാം തീയ്യതി പണ്ഡിതന്മാർ നവായെ വഖ്ത് എന്ന പത്രത്തിലും ടിവി ചാനലുകളിലും ജനാ സയിൽ പങ്കെടുത്ത എല്ലാ മുസ്ലിംകളുടേയും വിവാഹബന്ധം വിച്ഛേദിക്കപ്പെട്ടിരിക്കുന്നു എന്ന വാർത്ത വന്നു. ഇത്തരം മൗല വിമാർ ദുഖാചരണത്തിൽ പങ്കെടുത്തവരുടെ നിക്കാഹ് പോലും വിച്ഛേദിക്കാനുള്ള ശ്രമത്തിലാണ്. വീട്ടുകാർ പറയുന്നു. ഉംറ ചെയ്തു വന്നതിന് ശേഷം തഹജ്ജുദ് നമസ്കാരത്തിൽ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. ഖുർആൻ പാരായണം ചെയ്യാനായും അതി ന്റെ തർജ്ജമയും നിർബന്ധമായും വായിക്കാനായി മക്കളോട് പറ യുമായിരുന്നു. അത് ഒരു വരിയാണെങ്കിലും ശരി, തർജ്ജമയി ല്ലാതെ ഒരു പ്രയോജനവുമില്ല എന്നു പറയുമായിരുന്നു.

മുബാറക് അഹ്മദ് താഹിർ സാഹിബ് ശഹീദ്. ഇദ്ദേഹം അബ് ദുൽ മജീദ് സാഹിബിന്റെ മകനാണ്. മുബാറക് സാഹിബ് ലാഹോ റിൽ തന്നെയാണ് ജനിച്ചു വളർന്നത്. ഉമ്മാമ ഖാദിയാൻ സ്വദേശി നിയായിരുന്നു. പിതാവ് മുസ്ലിഹ് മൗഊദി(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിലാണ് ബൈഅത്ത് ചെയ്തത്. ശഹീദ് മർഹൂം നാഷ ണൽ ബാങ്കിൽ ടൈപ്പിസ്റ്റ് ജോലി ചെയ്യുന്നതിനിടയിൽ പഠനം തുടരുകയും ബി.എയും എംഎ യും പാസാകുകയും ചെയ്തു. പല ട്രെയ്നിംഗ് കോഴ്സുകളും പൂർത്തിയാക്കി. പിന്നീട് വൈസ് പ്രസിഡന്റായി പ്രമോഷൻ ലഭിക്കുകയും വൈകാതെ സീനിയർ പ്രസിഡന്റാവുകയും ചെയ്തു. ബാങ്കിലെ ഏറ്റവും നല്ല ഉദ്യോഗ സ്ഥനുള്ള അവാർഡ് ലഭിച്ചിരുന്നു. ജമാഅത്തിന്റെ പ്രസിദ്ധ ചരി ത്രകാരനായ മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബിന്റെ ജാമാതാവായി രുന്നു. 57 വയസ്സായിരുന്ന അദ്ദേഹം മൂസിയായിരുന്നു. നാഇബ് ഖാഇദ് , നാസിം തഅ്ലീം ഹൽഖ ദാറുദ്ദിക്റ് എന്നിങ്ങനെ ജമാഅ ത്തിന്റെ പല ഓഫീസുകളിലുമായി സേവനമനുഷ്ഠിച്ചു. സംഭവദി വസം രണ്ട് മക്കളുടെയും കൂടെ ജുമുഅ നമസ്കാരത്തിനായി എത്തു കയും പിന്നിലുള്ള ഹാളിൽ ഇരിക്കുകയും ചെയ്തു. മക്കൾ മറ്റൊരു ഹാളിലാണിരുന്നത്. തീവ്രവാദികൾ ഫയറിംഗ് തുടങ്ങിയപ്പോൾ മുറബ്ബി സാഹിബ് എല്ലാവരോടും ദുആ ചെയ്തുകൊണ്ടിരിക്കാനായി പറഞ്ഞു. അദ്ദേഹവും കൈയുയർത്തി ദുആയിൽ മുഴുകി. ദുആക്കിടയിൽ വെടിയുണ്ട ഇടത് കയ്യിനും മറ്റൊന്ന് ഹൃദയഭാഗത്തും തറച്ചു. സംഭ വസ്ഥലത്ത് ശഹീദായി. സമസൃഷ്ടികളോട് സഹതാപമുള്ളയാ ളുമായിരുന്നു. ബാങ്കിൽ പ്രത്യേകമായി ആരുമായും സുഹൃദ്ബ

ന്ധമുണ്ടായിരുന്നില്ല. കീഴ്ജീവനക്കാരോട് നല്ലരീതിയിൽ സമീപിച്ചു. സ്വന്തം വീടിനടുത്തായി പ്രത്യേകം ഡിസൈൻ ചെയ്ത് നമസ്കാരത്തിനായുള്ള ഒരു സെന്റർ നിർമ്മിച്ചു. ജമാഅത്തിനെ അഗാധമായി സ്നേഹിച്ചു. ജമാഅത്ത് പ്രവർത്തനങ്ങളിൽ പങ്കെടുക്കാനായി മക്കളോട് എപ്പോഴും പറയുമായിരുന്നു. ഖിലാഫത്തിനെ വളരെ സ്നേഹിച്ചു. മക്കൾ പറയുന്നു.ജമാഅത്തുമായി ബന്ധപ്പെട്ട കാര്യങ്ങൾ കഴിഞ്ഞ് രാത്രി 3 മണിക്ക് വീട്ടിലെത്തിയാലും ഉപ്പ ഒന്നും പറയില്ല. എന്നാൽ മറ്റേതെങ്കിലും കാര്യങ്ങൾ ക്കായിപ്പോയാൽ ഇശാക്ക് മുമ്പ് എത്തിയില്ലെങ്കിൽ ഉപ്പ വല്ലാതെ ദേഷ്യപ്പെടുമായിരുന്നു. ദാനധർമ്മത്തിൽ വളരെ മുൻപന്തിയിലായിരുന്നു. ജനങ്ങൾക്ക് വിലപിടിപ്പുള്ള സാധനസാമഗ്രികൾ നൽ കുമായിരുന്നു. ജമാഅത്തിലെ മിഷനറിമാരെ വളരെയധികം ആദരിക്കുകയും സൽക്കരിക്കുകയും ചെയ്യുമായിരുന്നു.

അനീസ് അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം സുബേദാർ മുനീർ അഹ്മദ് സാഹിബിന്റെ മകനാണ്. ഇദ്ദേഹത്തിന്റെ കുടുംബം ഫൈസലാബാദിലായിരുന്നു. പിന്നീട് ലാഹോറിൽ വന്നു. മെട്രിക്കുലേഷന് ശേഷം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ജോലി ചെയ്തുപോന്നു. ഗുൽബർഗിലാണ് ഇദ്ദേഹത്തിന്റെ ഓഫീസുണ്ടായിരുന്നത്. 35 വയസ്സായിരുന്നു. മൂസിയായിരുന്നു. ദാറുദ്ദിക്റിലാണ് ശഹീദായത്. സാധാരണയായി മോഡൺ ടൗണിലാണ് ജുമുഅക്കായി പോകാറുണ്ടായിരുന്നത്. സംഭവദിവസം ഏതോ കാര്യത്തിന് ഇറങ്ങിയതായിരുന്നു. പിന്നീട് ജുമുഅക്ക് ദാറുദ്ദിക്റിലാണ് പോയത്. പിതാവിന്റെ കൂടെ മിഹ്റാബിന്നടുത്തായാണ് ഇരുന്നത്. പിതാവ് അദ്ദേഹത്തോട് മറഞ്ഞ് നിൽക്കാനായി പറഞ്ഞു. താങ്കൾ മറഞ്ഞിരുന്നുകൊള്ളുക, ഞാൻ മറ്റുള്ളവരെ സഹായിക്കാനായി പോകുകയാണ്. ഇപ്രകാരം തീവ്രവാദികളുടെ വെടിയുണ്ടകളാൽ ശഹീദായി. ഭാര്യാമക്കളെ വളരെ സ്നേഹിക്കുകയും പിതാവിനെ വളരെയധികം അനുസരിക്കുകയും ചെയ്തു. ഭാര്യയുടെ ബന്ധുക്കളോടും സഹോദരന്മാരെപ്പോലെ ബന്ധമുണ്ടായിരുന്നു. സൃഷ്ടിസേവനത്തിൽ അതീവതൽപരനായിരുന്നു. ഒരു സ്ഥലത്ത് ഒരു അഹ്മദി സുഹൃത്തിന് ആക്സിഡന്റ് സംഭവിച്ചപ്പോൾ രക്തം എവിടേയും ലഭിക്കുന്നില്ലായിരുന്നു. രക്തം നൽകുകയും ആക്സിഡന്റ് ആയ വ്യക്തിക്ക് ചികിത്സക്കായി കടമെന്ന നിലയിൽ പണം ചോദിച്ച ഉടനെ 5000 രൂപയോളം നൽകി പിന്നീട് തിരിച്ചു വാങ്ങിയില്ല. തന്റെ മകനെ കൃത്യമായി ഖുർആൻ ക്ലാസിനായി അയക്കുമായിരുന്നു. ജമാഅത്ത് പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുമായിരുന്നു. സംഭവത്തിൽ അദ്ദേഹത്തിന്റെ ഇളയ സഹോദരൻ മുനവ്വർ അഹ്മദ് സാഹിബും ശഹീദായി.

മുനവ്വർ അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം മുനീർ അഹ്മദ് സാഹിബിന്റെ മകനാണ്. സഹോദരനെപ്പോലെ ഇദ്ദേഹവും ഫൈസലാബാദ് സ്വദേശിയായിരുന്നു. ജന്മനാ അഹ്മദിയായിരുന്നു. എന്നാൽ കുറച്ചു കാലമായി ശിയാവിശ്വാസത്തിൽ ആകൃഷ്ടനായിരുന്നു. ശിയാ വിശ്വാസിനിയായ ഉമ്മാമയാണ് വളർത്തിയിരുന്നത്. ഇതേ കാലയളവിൽ ഒരു സ്വപ്നത്തിൽ ഹദ്റത്ത് ഇമാം ഹുസൈൻ, ഹദ്റത്ത് അലി എന്നിവരെ കണ്ടു. അവർ വന്ന് മസീഹ് മൗഊദ് ﷺന്റെ സത്യസാക്ഷ്യത്തെപ്പറ്റി അദ്ദേഹത്തോട് പറഞ്ഞു. പിന്നീട് വീണ്ടും ബൈഅത്ത് ചെയ്തു. സജീവപ്രവർത്തകനായിരുന്നു.നല്ല പ്രകൃതക്കാരനായിരുന്നു. അതുകൊണ്ട് അല്ലാഹു വഴി കാണിച്ചുകൊടുത്തു. അഹ്മദിയ്യത്തിനെക്കുറിച്ച് നല്ല അറിവുണ്ടായിരുന്നു. അഹ്മദിയ്യത്തിനെക്കുറിച്ച് പലർക്കും തബ്ലീഗ് ചെയ്യുമായിരുന്നു. വളരെയധികം ബൈഅത്തുകളുണ്ടാക്കി. തബ്ലീഗിൽ പ്രത്യേക ആവേശമായിരുന്നു. വലിയ വലിയ മൗലവിമാരെ നിശബ്ദരാക്കുമായിരുന്നു. 30 വയസ്സായിരുന്നു. നാഇബ് നാസിം ഇസ്ലാഹോ ഇർശാദായി സേവനമനുഷ്ഠിക്കാനുള്ള ഭാഗ്യം ലഭിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ദാറുദ്ദിക്റിലാണ് ശഹീദായത്. ദാറുദ്ദിക്റിൽ ജുമുഅ സമയത്ത് പുറത്തെ ഗെയ്റ്റിൽ നിന്ന് ഫയറിംഗ് ശബ്ദം കേട്ട ഉടനെ വളരെ പെട്ടെന്ന് പുറത്തിറങ്ങി മെയ്ൻ ഹാളിലേക്ക് പോകുന്ന ഗേറ്റ് അടച്ചു. മറ്റ് മെയ്ൻ ഗേറ്റുകളും അടക്കാനായി മറ്റുള്ളവരോട് പറഞ്ഞു. ആക്രമണം നടക്കുമ്പോൾ തുടർച്ചയായി വീട്ടിലേക്ക് ഫോൺ ചെയ്തുകൊണ്ടിരുന്നു. തന്റെ പിതൃസഹോദരനോട് ദുആക്കായി അഭ്യർത്ഥിച്ചു. ഒരു സുഹൃത്ത് പറയുന്നു, അദ്ദേഹം പള്ളിയിൽ വന്നവരോടായി പറഞ്ഞു. ആരുടേയെങ്കിലും കയ്യിൽ വല്ല ആയുധവുമുണ്ടെങ്കിൽ എനിക്ക് തരിക, തീവ്രവാദി ഉള്ളിലേക്ക് കടന്നിരിക്കുന്നു. (പള്ളിയിൽ നമസ്കരിക്കാനാണ് അവർ വന്നത് ആയുധവും കൊണ്ടല്ല.) ഫയറിംഗിൽ പലർക്കും മുറിവേറ്റു. ഹാളിൽ നിന്ന് തീവ്രവാദികൾ ഇറങ്ങിയപ്പോൾ മുറിവേറ്റ വൃദ്ധന്മാർക്കും മറ്റുള്ളവർക്കും കുടിക്കാനായി വെള്ളം കൊടുത്തുകൊണ്ടിരുന്നു. പോലീസും കൂടെയുള്ളവരും നിങ്ങൾ ആയുധങ്ങൾ കയ്യിൽ വെച്ചിരിക്കുന്നതെന്തിനാണ്. അത് ഉപയോഗിക്കുക എന്ന് പറയുന്നുണ്ടായിരുന്നു. ഇത് അനഹ്മദികളുടെ പ്രവൃത്തിയാണ് പക്ഷേ, അഹ്മദികൾ ഇപ്രകാരം ചെയ്യുന്നവരല്ല. അല്ലെങ്കിൽ നിങ്ങളുടെ സംരക്ഷണത്തിനായി സ്വയം ഏർപ്പാട് ചെയ്യുക എന്ന് പറയണമായിരുന്നു, പിന്നീട് ശഹീദ് മർഹൂം വളരെ ധൈര്യത്തോടെ ഒരു തീവ്രവാദിയെ പിടിച്ച ഉടനെ തീവ്രവാദി സ്വയം ആത്മഹൂതി ചെയ്യുകയും ആ സ്ഫോടനത്തിൽ ഇദ്ദേഹവും ശഹീദാവുകയായിരുന്നു. തന്റെ സഹോദരൻ ശഹീദായിരിക്കുന്നു എന്ന് അദ്ദേഹത്തിന് ആദ്യമേ ബോധ്യമായിരുന്നു. എന്നിട്ടും വളരെ ധൈര്യത്തോടെ മറ്റുള്ളവരെ സഹായിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ വീടിന് മുമ്പിൽ അനഹ്മദികൾ പല പോസ്റ്ററുകളും വെച്ചിരുന്നു. ഇതിനുമുമ്പും അനഹ്മദികൾ ഇത്തരം പ്രവൃത്തികൾ ചെയ്തിരുന്നുതാനും. എന്നാൽ ഈ പോസ്റ്റർ ഒട്ടിക്കാനായി വരുന്ന കുട്ടികളെ വളരെ സ്നേഹത്തോടെ ഉപദേശിക്കുകയും അവർക്ക് കാര്യം മനസ്സിലാക്കുകയും ചെയ്തു. എന്നാൽ മുതിർന്നവരുടെ വാക്കുകൾ കേട്ട് നിർബന്ധിതരായി വീണ്ടും അവർ ഇപ്രകാരം ചെയ്യുമായിരുന്നു. ജില്ല നാസിർ ഇസ്ലാഹ് ഇർശാദ് നദീർ സാഹിബ് പറയുന്നു, ഈ സംഭവത്തിന് ഒന്നര മാസം മുമ്പ് ഒരു സ്വപ്നത്തെപ്പറ്റി എന്നോട് പറഞ്ഞു. സ്വപ്നത്തിൽ അദ്ദേഹത്തി ന്റെ വഫാത്തായ ഉമ്മ പറയുന്നു. മകനേ ഞാൻ നിനക്കായുള്ള റൂം തയ്യാറാക്കിയിരിക്കുന്നു. ഇക്കാര്യം കഴിഞ്ഞ വർഷം വിവാഹിതനായപ്പോൾ തന്റെ ഭാര്യയോട് ആദ്യദിവസം തന്നെ ശഹീദ് മർഹൂം പറയുകയും ചെയ്തു. അതായത് ഞാൻ ശഹീദായാൽ ഒരിക്കലും നീ നിലവിളിക്കരുത് എന്ന്.

സഈദ് അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം സൂഫി മുനീർ അഹ്മദ് സാഹിബിന്റെ മകനാണ്. ഇദ്ദേഹത്തിന്റെ ജനാസ ഗാഇബ് ഇന്ന് നമസ്കരിക്കുന്നതായിരിക്കും. ഇദ്ദേഹത്തിന്റെ കുടുംബം

ജില്ല കർണാൽ ഇന്ത്യ സ്വദേശികളായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹൻ റംസാൻ സാഹിബ് മസീഹ് മൗഊദ് ﷺന്റെ സഹാബിയായിരുന്നു. പാലായനത്തിന് ശേഷം ജില്ല സർഗോദ തഖ്തെ ഹസാറയിൽ താമസമാക്കി. പിന്നീട് കുടുംബം ലാഹോറിലേക്ക് മാറി. 37 വയസ്സായിരുന്നു. ബൈത്തുന്നൂർ മോഡൺ ടൗണിലാണ് ശഹീദായത്. സംഭവദിവസം ജോലി കഴിഞ്ഞ് നേരെ പള്ളിയിലേക്ക് പോയി. ഇദ്ദേഹം എത്തുന്നതിന് മുമ്പ് തന്നെ പള്ളിയിൽ ഫയറിംഗ് തുടങ്ങിയിരുന്നു. ബൈക്കിൽ വന്ന രണ്ട് തീവ്രവാദികൾ ബൈക്ക് ഉപേക്ഷിച്ച് പള്ളിയിലേക്ക് കടന്നു. ചില നിമിഷങ്ങൾക്കുള്ളിൽ ബൈക്കിൽ നിന്ന് സ്ഫോടനമുണ്ടാവുകയും ശരീരം അഗ്നിക്കിരയാവുകയും ചെയ്തു. 8 ദിവസം ഹോസ്പിറ്റലിൽ കിടന്നു. ജൂൺ 5 നാണ് ശഹീദായത്. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. ശഹാദത്തിന് ഒരു ദിവസം മുമ്പ് സഹോദരിയോട് കുറച്ച് ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യാനായി അറിയിച്ചു. പക്ഷേ അല്ലാഹുവിന്റെ വിധി ഇങ്ങനെയാണ് തീരുമാനിക്കപ്പെട്ടത്. ജുമുഅ ദിവസം കുട്ടികളെ തയ്യാറാക്കി ജോലിക്കായി പെട്ടെന്ന് തന്നെ തയ്യാറായി ഇറങ്ങി. ശേഷം ജുമുഅക്കായി പള്ളിയിലെത്തി. മർഹൂമിന്റെ വിധവ ചില ഡയറികൾ കാണിച്ചുതന്നു. അതിലെഴുതിയിരിക്കുന്നത്, ശഹാദത്ത് എന്റെ ആഗ്രഹമാണ്. ഇൻശാ അല്ലാഹ് ഡയറിയിൽ ചില സ്ഥലങ്ങളിൽ അല്ലാഹുവേ എന്നെ ശുഹദാക്കളിൽ ഉൾപ്പെടുത്തേണമേ, ഈ കഴുത്ത് നിന്റെ മാർഗ്ഗത്തിൽ തന്നെ ഛേദിക്കപ്പെടട്ടെ. എന്റെ ശരീരം നിന്റെ മാർഗ്ഗത്തിൽ തുണ്ടം തുണ്ടമാകട്ടെ. എന്റെ ദുആ സ്വീകരിക്കേണമേ ആമീൻ. അല്ലാഹു ആ ദുആ സ്വീകരിക്കുകയും ചെയ്തു. ജമാഅത്തായ നമസ്കാരം ജുമുഅ നമസ്കാരം, ഖുത്വുബയുടെ സംഗ്രഹം എല്ലാം ഡയറിയിൽ എഴുതിയിരുന്നു. തഖ്ത്ത് ഹസാറാ സ്വദേശിയായിരുന്നു. വർഷങ്ങൾക്ക് മുമ്പ് നാലോ അഞ്ചോ പേർ അവിടെ ശഹീദായിരുന്നു. അവരെക്കുറിച്ചും ഡയറിയിൽ എഴുതിയിരുന്നു. മാതാപിതാക്കളെയും ബന്ധുക്കളെയും വളരെ ശ്രദ്ധിച്ചുപോന്നു. ദരിദ്രർക്ക് സദഖ നൽകുമായിരുന്നു. എപ്പോഴും പുഞ്ചിരിക്കുന്നയാളും സ്നേഹധനനുമായിരുന്നു. ഒരു ഡപ്പി വീട്ടിൽ വെക്കുകയും, ദിവസവും അതിൽ പണം നിക്ഷേപിക്കുകയും, ഗ്രാമത്തിലേക്ക് പോകുമ്പോൾ ആവശ്യക്കാർക്ക് നൽകുകയും ചെയ്യുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. ആമീൻ. എല്ലാ ശുഹദാക്കളുടേയും പദവികൾ ഉയർത്തുമാറാകട്ടെ. എല്ലാ ശുഹദാക്കളും ഏതെങ്കിലും വിധത്തിലുള്ള സൽഗുണങ്ങളുടെ ഉടമസ്ഥരായിരുന്നു. അല്ലാഹു ഇവരുടെ ദുആകളും നല്ല ആഗ്രഹങ്ങളും ഇവരുടെ മക്കൾക്കായി പൂർത്തിയാക്കിക്കൊടുക്കട്ടെ. എല്ലാവർക്കും ഈ ദുഃഖം ധൈര്യത്തോടെ നേരിടാനുള്ള തൗഫീഖ് നൽകട്ടെ. ഇവരെക്കുറിച്ച് ഇനിയും തുടരുന്നതായിരിക്കും. ഇത് കൂടാതെ ഇന്നത്തെ ജനാസ ഗാഇബിനോടൊപ്പം മറ്റൊരു ജനാസ ഗാഇബ് കൂടിയുണ്ട്. ഡോ.മുഹമ്മദ് ആരിഫ് സാഹിബ് നംഗലി വഖ്ഫെ സിന്ദഗിയുടെതാണ്. ഇദ്ദേഹം സാദിഖ് സാഹിബ് നംഗലി ദർവേശ് ഖാദിയാന്റെ മകനാണ്. അദ്ദേഹം ദർവേശായിരുന്നു. ഖാദിയാനിൽ തന്നെയാണ് ജനിച്ചുവളർന്നത്. ജൂൺ 13ന്, 53 വയസ്സിലാണ് വഫാത്തായത്. 30 വർഷങ്ങളോളം ജമാഅത്തിന്റെ വിവിധ വകുപ്പുകളിലായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു. തുടക്കത്തിൽ നാഇബ് നാസിം വഖ്ഫെ ജദീദായിരുന്നു. പിന്നീട് നാഇബ് നാസിർ ബൈത്തുൽ മാൽ ആമദ്, നശറൊ ഇശാഅത്ത് എന്നീ വകുപ്പുകളിൽ സേവനമനുഷ്ഠിച്ചു. 1995 ൽ നാസിർ ബൈത്തുൽ മാൽ ആയി നിയമിതനായി. മരണം വരെ ഇതേ വകുപ്പിലായിരുന്നു. കൂടാതെ 8 വർഷങ്ങളോളം നാസിർ തഅ്ലീമായി സേവനമനുഷ്ഠിച്ചു. 6 വർഷത്തോളം മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സദർ ഭരതായും അൻസാറുല്ലാ നാഇബ് സദർ ഭാരതായും സേവനമനുഷ്ഠിച്ചു. വളരെ നല്ല നിലയിൽ പ്രവർത്തിച്ചു 2005 ൽ ഞാൻ സന്ദർശനം നടത്തിയ സമയത്ത് ഓഫീസറായി അദ്ദേഹം തന്നെയായിരുന്നു. വളരെ ധൈര്യത്തോടെ പരിശ്രമത്തോടെ എല്ലാ ഏർപ്പാടുകളും ഏറ്റെടുത്തു. ബ്ലഡ് പ്രഷറിന്റെ പ്രശ്നമുണ്ടായിരുന്നു. അതിന്റെ ചില അടയാളങ്ങൾ പ്രകടമായിരുന്നു. മിർസാ വസീം സാഹിബിന്റെ കാലഘട്ടത്തിലും അതിന് ശേഷവും ആക്ടിംഗ് നാസിർ ആലാ ആയി സേവനമനുഷ്ഠിക്കാനുള്ള ഭാഗ്യം ലഭിച്ചു. മിർസാ വസിം സാഹിബിന്റെ വഫാത്തിന് ശേഷം ലോക്കൽ നാഇബ് അമീറായി ഞാൻ നിയമിച്ചിരുന്നു. സദർ അഞ്ചുമൻ അഹ്മദിയ്യക്ക് പുറമെ തഹ്‌രീക് ജദീദ്, വഖ്ഫെ ജദീദ്, മജ്ലിസ് കാർപർദാസ് എന്നിവയിൽ മെമ്പറും, നൂർ ഹോസ്പിറ്റൽ കമ്മറ്റിയുടെ പ്രസിഡന്റുമായിരുന്നു. വിവിധ രീതിയിൽ സേവനമനുഷ്ഠിച്ചു. ഉർദുവിൽ എം.എ. പാസായ ശേഷം ഗുരുനാനക് യൂണിവേഴ്സിറ്റിയിൽ നിന്ന് പി.എച്ച്.ഡി. കരസ്ഥമാക്കി. തഹജ്ജുദിലും മറ്റു നമസ്കാരങ്ങളിലും കൃത്യനിഷ്ഠയുള്ളയാളായിരുന്നു. ഖിലാഫത്തിനോട് അഗാധമായ സ്നേഹമുള്ളയാളും പരിശുദ്ധനും വിശ്വസ്തനുമായിരുന്നു. പലപ്പോഴായി നല്ല സ്വപ്നങ്ങൾ കാണാറുണ്ടായിരുന്നു. ഭാര്യയോട് തന്റെ മരണം ആസന്നമായതായും അതിനായി തയ്യാറാവുക എന്നും പറഞ്ഞിരുന്നു. ആദ്യം കിഡ്നിയാണ് ഇൻഫെക്ഷൻ ആയത്. പല പ്രാവശ്യം ഡയാലിസിസ് ചെയ്തു. കിഡ്നി മാറ്റിയിരുന്നെങ്കിലും പിന്നീട് കൂടുതൽ വഷളാവുകയായിരുന്നു. വളരെ ധൈര്യത്തോടെയാണ് കുറേ വർഷങ്ങളായി രോഗത്തിൽ കഴിഞ്ഞത്. 1991 ൽ ഞാൻ ഇദ്ദേഹത്തോടൊപ്പം സാധാരണ വളണ്ടിയറായി ഡ്യൂട്ടി ചെയ്തിരുന്നു. അപ്പോഴും എന്റെ ഖിലാഫത്ത് കാലത്തും എനിക്ക് കാണാൻ കഴിഞ്ഞത് ഖിലാഫത്തുമായി അഗാധമായ ബന്ധവും സ്നേഹവുമായിരുന്നു. വളരെ പ്രയത്നത്തോടെ ഡ്യൂട്ടി ചെയ്യുമായിരുന്നു. ഓഫീസർമാർക്ക് മുമ്പിൽ വളരെ മര്യാദയോട് കൂടി പെരുമാറിയിരുന്നു. ചില ഘട്ടങ്ങളിൽ 1991 ൽ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ചില ഓഫീസർമാർ എന്ത് പറഞ്ഞാലും അദ്ദേഹം നെറ്റി ചുളിക്കുമായിരുന്നില്ല. പുഞ്ചിരിയോടെ അനുസരിച്ചുകൊണ്ട് എല്ലാവരുടേയും നിർദേശങ്ങൾ അനുസരിക്കുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ജനാസ ഗാഇബ് ജുമുഅക്ക് ശേഷം നമസ്കരിക്കുന്നതായിരിക്കും.


**വിവർത്തനം**
എൻ . ശഫീഖ് അഹ്മദ് പത്തപ്പിരിയം
മുബല്ലിഗ് – കണ്ണൂർ, **PHONE** : 9497343704

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 18 -06 -2010 at**
**Baithul Futuh,London**
**UK.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**